
സത്യം

അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 41 | ലക്കം 6 | 2014 മെയ് 1

## ഉദയാസ്തമനങ്ങൾ

### 1. അമ്മാവൻ അറിവാൻ,

എല്ലാവർക്കും വിനീത നമസ്കാരം. കാലചക്രം തിരിഞ്ഞുകൊണ്ടിരിക്കുന്നു. തെരഞ്ഞെടുപ്പും വിഷുവും ഈസ്റ്ററും ഒക്കെ കഴിഞ്ഞു. ധർമ്മാധർമ്മങ്ങളുടെ യഥാർത്ഥ തിരഞ്ഞെടുപ്പ് നടക്കേണ്ടത് നമ്മുടെ ഉള്ളിലാണ്. അതിൽ ധർമ്മത്തെ സ്വയംവരിക്കുമ്പോഴാണ് വിഷുവും ഈസ്റ്ററും റംസാനും നമ്മുടെതാകുന്നത്. അതുവരെ ഭൂമിയിൽ അധർമ്മം നടമാടും. പ്രിയമുള്ളവരെ വരൂ നമുക്ക് കഞ്ഞിപ്പാടം വരെ ഒന്ന് പോകാം. ഇന്നത്തെ മുഖലേഖനം ദർശനം കുടിലിൽ ഇരുന്ന്തന്നെ വായിക്കാം. കുറുപ്പ് സാറിന്റെ ഭവനം വളരെ ജീർണ്ണാവസ്ഥയിലായിരുന്നതിനാൽ അതൊന്ന് പുതുക്കി പണികഴിപ്പിക്കുകയാണ്. രമയും മകൻ ശബരീഷുമാണ് ഇപ്പോൾ അവിടെ താമസം. പ്രധാന ഹാളിൽ തന്നെ അറയുടെ ഒരു ഭാഗം നിലനിർത്തിക്കൊണ്ട് കുരുടി എന്ന മണ്ണുകൊണ്ടുള്ള ഇഷ്ടിക ഉപയോഗിച്ച് സിമന്റിന്റെ ഉപയോഗം പരമാവധി കുറച്ച് ഒരു പ്രകൃതി ബന്ധത്തിലാണ് വീടുനിർമ്മാണം. കഞ്ഞിപ്പാടത്തുകാരനായ ബോബി ബോസാണ് ആർക്കിടെക്ട്. കുറുപ്പ് സാറിന്റെ വീടെന്ന സങ്കല്പത്തിൽ തന്നെ ഭംഗിയായി അത് നിർവഹിച്ചുകൊണ്ടിരിക്കുന്നു. ശങ്കുണ്ണിമാസ്റ്റർ വരച്ചു തന്ന അച്ഛന്റെ എണ്ണ ഛായാചിത്രത്തിന് പ്രധാന ഹാളിൽ സ്ഥാനം ഒരുക്കുന്നുണ്ട്. ദർശനവും അവിടെ ഉണ്ടാകും. അച്ഛന്റെ ഗ്രന്ഥ ശേഖരങ്ങളൊന്നും

അതിന്റെ മഹത്വം അറിയാതെ പോയ ഞങ്ങൾക്ക് സൂക്ഷിക്കാൻ കഴിഞ്ഞില്ല. പലതും ചിതലെടുത്ത്പോയി. പുര പൊളിക്കുന്ന തിനിടയിൽ ഒരു പഴയ പെട്ടിയിൽ നിന്നും ശബരീഷിനൊരു കത്ത് കിട്ടി. 72വർഷങ്ങൾക്ക് മുമ്പ് അച്ഛന്റെ പത്തൊമ്പതാം വയസ്സിൽ അമ്മാവനായ ദാമോദരൻപിള്ളയ്ക്ക് എഴുതിയ കത്തായിരുന്നു അത്. കാലത്തിന്റെ കൈപിടിച്ച് അല്പം പിന്നോട്ട് നടന്ന് നമു ക്കത് ഒന്ന് വായിച്ച് നോക്കാം.

ഓം 27.12.117

ബുധൻ

അമ്മാവൻ അറിവാൻ,

ഞാൻ ഇന്ന് അമ്മാവന് ഒരെഴുത്തെഴുതി വിവരം അറി യിക്കേണ്ട ആവശ്യം ഇല്ല. പക്ഷെ ഞാൻ അറിയിക്കുന്ന കാര്യം നേരിട്ടു പറഞ്ഞാൽ കാര്യകാരണ സഹിതം മുഴുവൻ കാര്യവും അമ്മാവനെ ധരിപ്പിക്കാൻ കഴിയാതെ വരും എന്ന് എനിക്ക് നിശ്ച യമുണ്ട്. അതുകൊണ്ടാണ് എഴുത്തെഴുതുന്നത്.

ലോകം മുഴുവനും ഇന്ന് അതിഭയങ്കരമായ യുദ്ധത്തിൽ മുഴുകി കിടക്കുകയാണ്. ഈ യുദ്ധത്തോട് നേരിട്ട് ഇടപെടാതെ ഇന്ന് നമ്മുടെ ഭാരത ഭൂമി മാത്രമേ ബാക്കിയുള്ളൂ.

നമ്മുടെ ഈ മാതൃഭൂമിയെ, ഇവിടെ നിന്നും അനേകാ യിരം മൈൽ അകലെ താമസിക്കുന്ന ഇംഗ്ലീഷുകാർ കച്ചവട ത്തിനാണെന്നുള്ള വ്യാജേന കുറച്ച് വർഷങ്ങൾക്ക് മുമ്പ് കര സ്ഥമാക്കി ഇപ്പോൾ ഭരിച്ചുവരുന്നു. ഈ ഭാരതത്തിൽ ഉണ്ടാ കുന്ന പഞ്ഞി, കുരുമുളക് മുതലായ സാധനങ്ങൾ അവർ ഇഷ്ടം പോലെ അപഹരിച്ച്കൊണ്ട് പോകുന്നു. നമ്മുടെ സമ്പത്ത് മുഴു വൻ അവർ ഇങ്ങനെ അപഹരിച്ചതുകൊണ്ടാണ് നമുക്ക് ഇത്ര ഭയങ്കരമായ ദാരിദ്ര്യം ഉണ്ടായിട്ടുള്ളത്. അല്ലെങ്കിൽ ഭാരതീയർക്ക് സുഖമായി കാലക്ഷേപത്തിനുള്ള സ്വത്ത് ഈ ഭാരതത്തിൽ തന്നെ ഉള്ളതാണ്. ലോകത്തിൽ ഭാരതത്തിനായിരുന്നു സർവ്വമേന്മയും അവർ അവരുടെതാക്കിതീർത്തു. നമ്മുടെ പഞ്ഞി അവരുടെ രാജ്യത്ത്കൊണ്ട് പോയി വസ്ത്രങ്ങളാക്കി ചായം കലർത്തി നമുക്ക് ഇരട്ടിവിലയ്ക്ക് വില്ക്കുന്നു. അന്യരാജ്യങ്ങളിൽ നിന്നും ഇവിടെ ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്ക് അവർ കൂടുതൽ തുക ചുങ്കമായി വാങ്ങുന്നതിനാൽ നമുക്ക് ആ സാധനങ്ങൾക്ക്

കൂടുതൽ വില കൊടുക്കേണ്ടി വരുന്നു. നമ്മുടെ പൊന്ന് തിരുമേനി അവർക്ക് ആണ്ടുതോറും 8 ലക്ഷം രൂപാ വീതം വെറുതേ എണ്ണി കൊടുക്കേണ്ടി വന്നിരിക്കുന്നു. അവരുടെ വേഷവും ഭാഷയും സമ്പ്രദായവും നമ്മളും സ്വീകരിച്ചുകൊള്ളണമെന്ന് ആജ്ഞാപിക്കുന്നു. നമ്മുടെ മാതൃഭൂമിയിൽ ഇംഗ്ലീഷുകാർ യഥേഷ്ടം പെരുമാറുന്നു. സായിപ്പിന്റെ ചെരുപ്പിന്റെ ചവുട്ട് ഇങ്ങനെ ഭാരതീയർ ഏല്ക്കുന്നു. ഇതാണ് അടിമത്വം.

ഈ അടിമത്വത്തിൽ നിന്ന് ഭാരത മാതാവിനെ കരകേറ്റുന്നതിന് സ്വാതന്ത്ര്യം കരസ്ഥമാക്കുന്നതിന്, ലോകനേതാക്കന്മാരായ മഹാത്മജി, ജവഹർലാൽ നെഹ്റു എന്നിവർ അശ്രാന്തം പരിശ്രമിക്കുന്നു. ജവഹർലാൽ നെഹ്റു ഇന്ത്യയിലെ ഒരു മികച്ച സ്വത്തുകാരനാണ്. പലവിഷമതകൾ സഹിക്കേണ്ടിവന്നിട്ടും ഇവർ ഇപ്പോഴും തങ്ങളുടെ ഉദ്ദേശ്യ സാദ്ധ്യത്തിന് വേണ്ടി പ്രയത്നിക്കുന്നുണ്ട്. ഇവരാണ് കോൺഗ്രസുകാർ. കോൺഗ്രസിൽ അനവധി ആളുകളുണ്ട്.

ഈ കോൺഗ്രസിന്റെ ഒരു യോഗം ഇക്കഴിഞ്ഞ വെള്ളിയാഴ്ച ബോംബെയിൽ വച്ചുണ്ടായിരുന്നു. അനേകായിരം ജനങ്ങൾ ഇതിൽ സംബന്ധിച്ചിരുന്നു. ഈ യോഗത്തെ പോലീസ് കമ്മീഷ്ണർ അലങ്കോലപ്പെടുത്തി പിരിച്ചുവിട്ടു. മഹാത്മജിയെ അന്നുരാത്രി ഉറക്കത്തിൽ വച്ച് അറസ്റ്റുചെയ്തു. തുടർന്ന് ഇതാ അനവധി നേതാക്കന്മാരെ അറസ്റ്റ് ചെയ്തിരിക്കുന്നു. ഈശ്വരൻ നമുക്ക് ശരീരം തന്നിരിക്കുന്നത് തിന്ന് നിറക്കാൻവേണ്ടി മാത്രമല്ല. ലോകോപകരാർത്ഥം വിനിയോഗിക്കാൻ കൂടിയാണ്. മഹാവിഷ്ണു, ശ്രീരാമൻ, ശ്രീകൃഷ്ണൻ തുടങ്ങിയ അവതാരങ്ങൾ കൈകൊണ്ടത് സത്യവും ധർമ്മവും രക്ഷിക്കാൻവേണ്ടിയാണ്. അതാണ് മനുഷ്യരും ചെയ്യേണ്ടത്. ഈ ശരീരത്തിന് പ്രാധാന്യം കൊടുത്താൽ ഒന്നും നടക്കുകയില്ല. ശരീരം ഇന്നോ നാളെയോ ചീഞ്ഞളിഞ്ഞ് ജനിച്ച മണ്ണിൽ ലയിച്ചുകൊള്ളും. വെറുതെയാണ് ജീവിതം ശരീരത്തിന്വേണ്ടി നശിപ്പിക്കുന്നത്. എന്നാൽ ആത്മാവിനാകട്ടെ ജനനവുമില്ല മരണവുമില്ല. നിർവികാരമായ സച്ചിതാനന്ദ വസ്തുവാണ്. ഞാൻ ആത്മാവാണെന്ന് ഓരോരുത്തരും മനസിലാക്കിയാൽ മോക്ഷം ലഭിക്കും.

അതുകൊണ്ട് ശരീരവും താണ്ടി നടക്കുന്നടുത്തോളം കാലം അത് ഈശ്വരപരമായി വിനിയോഗിച്ച് സകലതും ആ

പാദങ്ങളിൽ അർപ്പിക്കണം.

അതാ നമ്മുടെ വടക്ക് ഇന്ന് നാം കേൾക്കുന്നത് ഭാരതീയരുടെ സ്വാതന്ത്ര്യത്തിനുള്ള വിളിയാണ്. അത് ഇന്ന് അവിടെ നടക്കുന്നു. ബ്രിട്ടീഷുകാർ അത് കൊടുക്കുന്നില്ല. ചോദിക്കുന്ന പാവങ്ങളെ അവർ ഉപദ്രവിക്കുന്നു. ഞാൻ അവരോടൊത്ത് അത് ചോദിക്കാൻ പോകാൻ ആഗ്രഹിക്കുന്നു. എന്റെ ജീവിതം ഞാൻ അങ്ങനെ ഈശ്വര പാദങ്ങളിൽ അർപ്പിക്കുന്നു.

മൂന്ന് മാസമായി ഞാൻ ദേവീ ക്ഷേത്രത്തിൽ പ്രാർത്ഥന നടത്തുകയാണ്. ഇന്ന് ദേവി എനിക്ക് പോകാൻ അനുമതി തന്നു. ഞാൻ അങ്ങനെ മായാമോഹത്തിൽ നിന്ന് കരകയകറും. യാതൊരു വിസമ്മതവും പറയാതെ എന്നെ ഈ സൽപ്രവൃത്തിക്കയക്കണം. ഞാൻ ഒരുത്സവം കാണാൻ പോകാൻ അനുവാദം ചോദിക്കുകയല്ല ചെയ്യുന്നത്, ഒരു സദ്യയിൽ പങ്കുകൊള്ളാനുമല്ല, കുറച്ച് ക്ലേശം സഹിക്കേണ്ട ഒരു കാര്യത്തിന് പോകാനാണ്. അതിനുള്ള ആഗ്രഹം തോന്നിയത് ഞാൻ ഒരു വിജയമായികരുതുന്നു. ഇതെല്ലാവർക്കും തോന്നിഎന്നുവരുന്നതുമല്ല. യാത്രയ്ക്കും മറ്റുമായി കുറഞ്ഞത് ഒരു പത്ത് രൂപയെങ്കിലും കൊണ്ടുപോകണമെന്നാഗ്രഹമുണ്ട്. അതില്ലാതെ പോയാൽ വഴിയിൽ എനിയ്ക്ക് വിഷമിക്കേണ്ടതായി വരും. പണം കൂടാതെയും ഞാൻ പോകാൻ തയ്യാറാണ്. ഇനി അധികം താമസം കൂടാതെ എന്നെ അയയ്ക്കണം.

എന്ന്,

അനന്തിരവൻ - പങ്കജാക്ഷകുറുപ്പ്

**അനന്തരം**

കുട്ടിയമ്മയുടെ ഏക പുത്രനായിരുന്നു അച്ഛൻ. അച്ഛന്റെ മൂന്നര വയസ്സിൽ പിതാവായ വട്ടപ്പായിത്ര കൃഷ്ണപണിക്കർ അന്തരിച്ചു. മകനെ വളർത്തി ചെറുപ്പമായപ്പോൾ സ്വാതന്ത്ര്യ സമരം നടക്കുകയാണ്. മനസ്സ് അതിൽ പങ്കെടുക്കാൻ വെമ്പൽ കൊണ്ടു. അമ്മയുടെ അനുവാദം കിട്ടാതെവന്നപ്പോൾ മൗനവും ഉപവാസവുമായി വട്ടപ്പായിത്ര ക്ഷേത്രത്തിൽ ഭജനമിരുന്നു. എന്നാൽ ഇതുകൊണ്ടൊന്നും പ്രതിസന്ധിയ്ക്ക് അയവുവന്നി

ല്ല. ഭർത്താവ് മരിച്ചുപോയ ഒരമ്മയ്ക്ക് ഏകപുത്രന്റെ വേർപാടു കൂടി താങ്ങാനാവുമായിരുന്നില്ല. അവസാനം അച്ഛന് ഒരു പുതിയ വെളിച്ചമുണ്ടായി. ഇത് തന്നെ എന്റെ കർമ്മഭൂമി. എങ്ങോട്ടും പോകേണ്ടതില്ല. കൃഷിയും, കുടുംബവും, അദ്ധ്യാപകവൃത്തിയും സാമൂഹ്യപ്രവർത്തനവും ഒന്നിച്ചുകൊണ്ടുപോയി അമ്മയുടെ അനുവാദത്തോടെ ഇടയ്ക്ക് ബാപ്പുവിനോടൊന്നിച്ചും വാർദ്ധാ യിൽപോയി താമസിച്ചു. വിനോബാഭാവെയുടെയും മഹാത്മജി യുടെയും സന്ദേശങ്ങൾ പഠിച്ചു. മതവും തത്വശാസ്ത്രവും സ്വായ ത്തമാക്കി ജീവിതത്തിൽ പ്രയോഗിച്ചപ്പോഴാണ് അയൽക്കൂട്ടം എന്ന ആശയം പിറവി എടുത്തത്. ജീവിതാരംഭത്തിലെ കത്ത് വായിച്ചല്ലോ. ഇനി പരിസ്പരാനന്ദ ശില്പിയുടെ ഒരു ലേഖനം കൂടി നമുക്ക് വായിക്കാം പഴയ പത്തൊമ്പതുകാരൻ എങ്ങോ ട്ടാണ് പോയതെന്നറിയാമല്ലോ.

## എളിയ ഒരു കണ്ടെത്തൽ

മിത്രങ്ങളെ, ജീവിതശൈലി തെറ്റിയതുകൊണ്ടല്ലേ ഇത്രവളരെ ആശുപത്രികൾ വേണ്ടി വരുന്നത്. നാമിപ്പോഴും ജീവിതശൈലി തിരുത്തുന്നതിന് പകരം ആശുപത്രികൾ വലുതാക്കുവാനല്ലേ ശ്രദ്ധിക്കുന്നത്. ദയവായി സമീപന രീതി മാറ്റുക. വേർതിരിഞ്ഞുള്ള ജീവിതം മനുഷ്യവർഗ്ഗത്തിന് ഒട്ടും പറ്റിയതല്ല. കൂടിയാലോചിച്ച് ജീവിക്കുവാൻ തുടങ്ങിയാൽ ആരാധനാലയങ്ങളിലേയും റോഡിലേയും തിരക്കുകുറയും. ഒറ്റപ്പെട്ട് പരസ്പരം സംശയിച്ച് തൻകാര്യം മാത്രം നോക്കി ജീവിക്കുന്നതല്ലേ നമ്മുടെ ശാപം. നമുക്കെന്താണ് വേണ്ടതെന്ന് നേർക്കുനേരെ ആലോചിക്കൂ. മനുഷ്യന് ഭക്ഷണം വേണം.വീട് വേണം, ഇണവേണം, ആണും പെണ്ണും മണ്ണും വേണ്ടുവോളം ഇവിടുണ്ടല്ലോ? അന്യോന്യബോധത്തോടെ ജീവിക്കുവാൻ മനസിനെ ഒരുക്കിയാൽ എല്ലാമായില്ലേ? എന്തിനാണ്? എന്തിനാണ് സർക്കാർ ജോലി? എന്തിനാണ് സെക്രട്ടേറിയറ്റ്? സർക്കാര് തന്നെ എന്തിന്? ജീവിക്കുവാൻ മറന്ന് നാം അധികാരത്തിന്റെയും പണത്തിന്റെയും ചേരിതിരിവുകളുടെയും കുരുക്കിൽ പെട്ടുപോയല്ലോ?

എത്രതരം കുരുക്കുകളാണ് നമ്മെ വലയം

ചെയ്തിരിക്കുന്നത്. മനുഷ്യനാണെന്ന് മനസ്സിലാക്കാനല്ല; ഇസ്ളാമെന്ന് ധരിക്കാനാണ് നമ്മെ സമൂഹം പ്രേരിപ്പിക്കുന്നത്. അതും പോരാ എത്രയും ഗ്രൂപ്പുണ്ടാക്കാമോ അത്രയും ഉണ്ടാക്കി, എല്ലാവരെയും അതത് ഗ്രൂപ്പിലേയ്ക്ക് ക്ഷണിക്കുന്ന ജോലിയിലാണ് നാമിന്ന്. എല്ലാം ഇവിടെ ഉണ്ടെന്ന് നാം അറിയുന്നില്ല. മനുഷ്യത്വം, സത്യാന്വേഷണതൽപ്പരത, ഭൂമി, വെള്ളം, വായു, സസ്യാദികൾ എല്ലാം ഉണ്ട്, വേണ്ടതിനൊന്നും കുറവില്ല. ഇതെല്ലാം ഉണ്ടായിരിക്കേ നാം പട്ടിണി കിണക്കുന്നു. സുരക്ഷിതരായി കഴിയാമെന്നിരിക്കെ അരക്ഷിതരായി കഴിയുന്നു. ചുറ്റും ആളുണ്ടായിരിക്കെ ഏകാകിയായി ഭയപ്പെട്ട് കഴിയുന്നു. എന്തൊരു മറിമായം. അഹം നിഷ്ഠ ജീവതമാണ് നമ്മുടെ ശാപം. പരസ്പരം അടുക്കുവാനുള്ള വഴിയെപ്പറ്റിയാണ് നാം ഇനി ആലോചിക്കേണ്ടത്. ദീർഘദൂര മിസൈൽ മനുഷ്യന് ആവശ്യമില്ല. ഗ്രഹാന്തരയാത്ര ഗൃഹജീവിതം സ്വസ്ഥമാക്കിയിട്ടുപോരെ? ആലയം ശുദ്ധമാക്കിയിട്ടു വേണ്ടേ ആരാധനാലയം കെട്ടി ഉയർത്താൻ. ആരാധനാലയങ്ങളും വിദ്യാലയങ്ങളും ഭരണ സംവിധാനങ്ങളും, കലയും സാഹിത്യവും ശാസ്ത്രവും പണവും എല്ലാം എന്തിന്? ജീവിതം സുരക്ഷിതവും ആനന്ദവും ആയിരിക്കുവാൻ വേണ്ടിയല്ലേ. ഈ ജീവിതം തുലച്ചിട്ട് ഇതെല്ലാം നേടുന്നതെന്തിന്? ചുറ്റുപാടുകളുമായി സന്തോഷമായി നിർബാധം ഇടപെടാൻ കഴിഞ്ഞാൽ ജീവിതം ധന്യമായി. പലതിന്റെ കൂട്ടത്തിൽ നാം ഉണ്ടായിരിക്കുന്നത് അവയോട് ചേർന്നാനന്ദമായി ജീവിക്കുവാൻ വേണ്ടിയാണ്. പരിസരവാസികളെ മാത്രങ്ങളാക്കിക്കൊണ്ട് പരസ്പരം സുരക്ഷയും പരസ്പരാനന്ദവും സാദ്ധ്യമാക്കുന്ന ഒരു പുത്തൻ ജീവിതശൈലിയെപ്പറ്റി ഈ പുതിയ സഹസ്രാബ്ദത്തിൽ ലോകമാകെ ചിന്തിച്ചുതുടങ്ങണം. ഇന്നുള്ള സാമുദായിക രാഷ്ട്രീയ വിഭാഗീയ സംഘനകളും സ്ഥാപനങ്ങളും ആചാരവിശ്വാസങ്ങളും എല്ലാം നിലനിന്നു കൊള്ളട്ടെ. ഒന്നിനെയും എതിർത്ത് നശിപ്പിക്കാൻ നോക്കരുതേ. പുതിയൊരു ജീവിത ക്രമത്തിന്റെ സൃഷ്ടിയിലൂടെ വേണ്ടാത്തവ കൊഴിഞ്ഞുകൊള്ളട്ടെ.

സ്വതന്ത്രമായി ചിന്തിക്കാൻ പോലും കഴിയാത്ത

തലത്തിലാണല്ലോ നാം. ഞാൻ ഉൾപ്പെട്ടു നിൽക്കുന്ന ഗ്രൂപ്പിന്റെ തടവറയിലായിപ്പോയ എനിക്ക് പുതിയ ലോകത്തിന് വേണ്ടി ചിന്തിക്കാൻ പോലും ആവില്ല; പിന്നെയല്ലേ പ്രവർത്തനം. ഇതൊരു വലിയ പ്രതിസന്ധിയാണ്. കീറാമുട്ടിയാണ്. നാമെല്ലാം സ്വകാര്യതയുടെ മാത്രമല്ല; വിഭാഗീയതയുടെ ബന്ധനത്തിലു മാണ്. ഉള്ളുതുറന്ന് സംസാരിച്ചു പോയാൽ ജീവിക്കാനാവാതെ വരും. എന്തൊരു ഗതികേടാണിത്.

ഇതിനെ മറികടക്കുവാൻ കഴിയണമല്ലോ? ഇവിടെ ദർശനത്തിന്റെ നിർദ്ദേശം ധൈര്യം കാട്ടരുതെന്നാണ്. ധീരതയല്ല, വിവേകമാണ് ഇന്ന് വേണ്ടത്. കൊല്ലാൻ വരുന്നവന്റെ മുന്നിൽ നിന്ന് ഉള്ളിൽ ചിരിച്ചുകൊണ്ട് ഓടി രക്ഷപെടാൻ നോക്കൂ. അവനും നമുക്കും സമൂഹത്തിനും രക്ഷ അതാണ്. എന്റെ മതമാണ്, എന്റെ രാഷ്ട്രമാണ്, എന്റെ പാർട്ടിയാണ് ഏറ്റവും ശ്രേഷ്ഠം എന്ന് സമർത്ഥിക്കുവാൻ നോക്കാതെ, പരസ്പരാദരവ് ഉള്ളിൽ പുലർത്താൻ നോക്കാം. ഇക്കാലത്ത് കീഴ്പെടുന്നതാണ്, കീഴ്പെടുത്തുന്നതല്ല ബുദ്ധി. ആരെയും അപമാനിക്കാതെ ബഹുമാനിക്കുവാൻ ഉള്ളിൽ ശ്രമം തുടങ്ങാം. പരസ്പരം ബന്ധപ്പെട്ടവരാണെന്ന് ഭാവന ചെയ്യുവാൻ മതം മാറേണ്ടല്ലോ. വീട്ടിലെ പ്ലാവിലെ ചക്ക അയൽക്കാർക്കെല്ലാം പങ്കിട്ടുകൊടുത്താൽ പാർട്ടിവിലക്കുണ്ടാക്കുവാൻ ഇടവരുമോ സൂക്ഷിച്ച് പുതിയ സമൂഹ രചനയ്ക്ക് വേണ്ടിയുള്ള സൃഷ്ടി കർമ്മത്തിലേയ്ക്ക് ശ്രദ്ധതിരിക്കാം. കലഹത്തിനിടവരുത്താതെ സാവധാനം നീങ്ങാം. നിൽക്കുന്ന ഗ്രൂപ്പിൽ തന്നെ നിന്നുകൊണ്ട് അന്യോന്യം ബന്ധം പുലർത്താൻ ശ്രമം തുടങ്ങാം. ദർശനം മുന്നോട്ട് വെച്ചിട്ടുള്ള മാനുഷിക ധ്യാനവും, മൈത്രീഭാവവും, തറക്കൂട്ടവും, ജൈവാർച്ചനയും ഈ വഴിയുള്ള പുതിയ സമീപനങ്ങളാണ്. ആദ്യം സ്വപ്നം കാണാൻ സന്നദ്ധരാകണം. ഉള്ളിൽ കാണുന്ന സ്വപ്നത്തിന്റെ സാക്ഷാത്കാര ത്തിനാവണം ധ്യാനവും അർച്ചനയുമെല്ലാം. സ്വപ്നങ്ങൾ കാണാൻ കഴിയുന്നില്ലെങ്കിൽ മറ്റെല്ലാം ഒന്നില്ലാത്ത, പൂജ്യങ്ങൾ പോലെ ശൂന്യമായിപ്പോകും. എന്തായിരിക്കണം സ്വപ്നം. ഞാൻ നിങ്ങളുടേതും നിങ്ങൾ എന്റേതും. ആരുടെ നേരെയും ഇതാവണം സദാ ഉണർന്നു നിൽക്കുന്ന നമ്മുടെ സമീപനം.

# 'പുതിയലോകം പുതിയവഴി' ഒരു അനുചിന്തനം

(ഭാഗം 12)

## പ്രതിബന്ധങ്ങൾ മുന്നേറാനുള്ള കടമ്പകൾ

സ്വകാര്യമാത്രപരത എന്ന രോഗാണു എന്തെല്ലാം വികൃതപരിണാമങ്ങളാണ് മനുഷ്യമനസ്സുകളിൽ വരുത്തിത്തീർക്കുന്നത് എന്ന്, പങ്കജാക്ഷൻ സാർ സമൂർത്തമായ ഉദാഹരണങ്ങളോടെ നമുക്ക് വിശദീകരിച്ച് തരുന്നുണ്ട്, ഈ ചർച്ചയിൽ. മനുഷ്യരെയെല്ലാം സ്വന്തം നേട്ടങ്ങളിൽ മാത്രം ശ്രദ്ധയൂന്നുന്ന ഇടുങ്ങിയ മനസ്സുകളുടെ ഉടമകളാക്കുന്നു അത്. മറ്റുള്ളവരുടെ അഭിവൃദ്ധിയിൽ അസൂയയും അസഹ്യതയും അനുഭവപ്പെടുക, താഴ്ന്നവർ എന്ന് കരുതപ്പെടുന്നവർ ഒപ്പം നിൽക്കുമ്പോൾ എന്തോ വല്ലാത്ത പന്തികേടു തോന്നുക, കൈവശമുള്ള ഒരു വസ്തു, ഒരു താല്കാലികാവിശ്യത്തിന് ചോദിച്ചാൽപോലും 'ഇതാ ഉണ്ട്, കൊണ്ടുപോകാം' എന്നു പറയേണ്ടതിന് പകരം, 'ഇല്ല' എന്നു പറയാൻ തോന്നുക..... എന്നിങ്ങനെ നമ്മുടെ നിത്യജീവിതത്തിൽ നാമോരോരുത്തരും മറ്റുള്ളവരോടും മറ്റുള്ളവർ നമ്മോടും നിഷേധാത്മകമായി പെരുമാറുന്നതും അതിന്റേതായ സംഘർഷങ്ങൾ അനുഭവിക്കേണ്ടിവരുന്നതുമെല്ലാം സ്വകാര്യമാത്രപരതയുടെ പിടിയിൽ നാമെല്ലാം അമർന്നുപോയതുകൊണ്ടാണ്. സ്വകാര്യമാത്രമായ ജീവിതാസക്തി കൂടുന്നതിനനുസരിച്ച് മനുഷ്യരുടെ ജീവിത ശൈലിയും വാക്കും പെരുമാറ്റവുമെല്ലാം പരുഷമായിക്കൊണ്ടേയിരിക്കും, തരംതാണുകൊണ്ടേയിരിക്കും. അവനവനിലേയ്ക്കുള്ള ഈ സങ്കോചത്തിന്റ ഫലമായി സംഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം, മനുഷ്യന്റെ ഭാവനാശേഷിയും അതിനനുസരിച്ച് ചുരുങ്ങി പോകുമെന്നതാണ്. അതുകൊണ്ട് തന്നെയാണ് എല്ലാ മനുഷ്യരും ശ്രേയസ്ക്കരമായി ജീവിക്കുന്ന ഒരു പുതിയലോകം ഇന്നത്തെ മനുഷ്യന്റെ ഭാവനയിൽ വിടരാതിരിക്കുന്നതും. മറ്റുള്ളവരെ തള്ളിയകറ്റാനും മറ്റുള്ളവരിൽ നിന്നു വിട്ടുനിൽക്കാനും വെമ്പൽകൊള്ളുന്ന മനസ്സുകളിലെങ്ങനെ, എല്ലാവരുടെയും അഭ്യുദയത്തിനായുള്ള ഭാവന വിടരും.

മനുഷ്യന്റെ മുന്നോട്ടുള്ള നീക്കത്തിന് വിഘാതമായി എവറസ്റ്റ്പോലെ, അവനവനിൽത്തന്നെ ഉയർന്നു നില്ക്കുന്ന ഈ പ്രതിബന്ധം അനാവരണം ചെയ്തു കാണുമ്പോൾ, പരാജയബോധ

ത്തോടെ പിന്മാറാൻ ആർക്കും തോന്നിപോകും. എന്നാൽ, അങ്ങനെ പിന്മാറുന്നവർ തികഞ്ഞ യാഥാസ്ഥികരായി മാറിപോകുകയാണ് ചെയ്യുന്നതെന്ന് പങ്കജാക്ഷൻ സാർ ചൂണ്ടിക്കാട്ടുന്നു. അദ്ദേഹം പറയുന്നു, പ്രതിബന്ധങ്ങൾകണ്ട് ഇതു മാറ്റാനാവില്ല എന്നു തോന്നി പിന്മാറുന്നവർ യാഥാസ്ഥികരായിത്തീരും. ഒരു വക മരണമാണത്. നമുക്ക് ജീവനുണ്ട് എന്നു തെളിയിക്കേണ്ടത് ഈ തടസ്സങ്ങളെ അഭിമുഖീകരിക്കുന്നതിൽക്കൂടിയാണ്. (ഒന്നാം പതിപ്പ്:പേജ്-42, രണ്ടാം പതിപ്പ്:പേജ്-38)

ഇന്നത്തെ സമൂഹത്തിലേയ്ക്കു നോക്കിയാൽ, ഇത്തരത്തിലൊരു മരണം സംഭവിച്ചു കഴിഞ്ഞ ഒരു സമൂഹമാണത് എന്നു കാണാനാകും. ബുദ്ധിമാന്മാരും ചിന്താശീലരും വിപ്ലവകാരികൾ എന്നു കരുതപ്പെടുന്നവർപോലും, ‘അസാദ്ധ്യം’, ‘അപ്രായോഗികം’, ‘സമയമില്ല’, എന്നൊക്കെ ഒഴിവുകഴിവുകൾ കണ്ടെത്തി, അടിസ്ഥാനതല ചിന്തയിൽനിന്നും പ്രവർത്തനങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നതാണ് നമുക്കെവിടെയും കാണാൻ കഴിയുന്നത്. ഏതൊരു സമൂഹത്തിന്റെയും ശക്തിയും ചൈതന്യവുമായിരിക്കേണ്ട യുവതലമുറയാകട്ടെ, സ്വന്തം ജീവിതം സുഖകരമാക്കാനുതകുന്ന ഒരു ജോലി എന്ന ഒരേ ഒരു ലക്ഷ്യവുമായി വീടും നാടും രാജ്യവും വിട്ട് പത്ത് രൂപ കൂടുതൽ കിട്ടുന്ന ഇടങ്ങളിലേക്കെല്ലാമായി ഒഴുകിയകലുകയാണ്, സാമൂഹിക ബോധത്തിൽ നിന്നും പൗരധർമ്മത്തിൽ നിന്നും പൗരത്വത്തിൽ നിന്നുതന്നെയും കുതറിമാറി സ്വയം പ്രവാസിത്വം വരിക്കുകയാണ്.

ഇങ്ങനെ നോക്കിയാൽ മനുഷ്യനിലെ സാമൂഹികത മരിച്ചുമണ്ണടിഞ്ഞുകിടക്കുന്ന ഭീകരദൃശ്യമാണ് സുമനസ്ക്കർക്ക് കാണാൻ കഴിയുന്നത്. ഏകത്വ ദർശനമോതുന്ന സകല ആദ്ധ്യാത്മികാചാര്യന്മാരെയും അവരുടെ മഹാ വചസ്സുകളെയുമെല്ലാം അപ്രസക്തമാക്കികൊണ്ട്, മനുഷ്യൻ സ്വയം ഒറ്റപ്പെട്ട് പലതായി ചിതറിതെറിക്കുകയാണ്. ഏത് ഉത്സാഹിയെയും ഭഗ്നാശയരാക്കി പ്രവർത്തന പന്ഥാവിൽ നിന്നു പിന്തിരിപ്പിക്കാൻ പോരുന്ന ഈ വർത്തമാന സാഹചര്യത്തിന്റെ ചെളിക്കുണ്ടിൽ കാലൂന്നി നിന്നുകൊണ്ടാണ്, പ്രത്യാശയുടെ ഒരിക്കലും വറ്റാത്ത ഊർജ്ജ സ്രോതസായിമാറി, പങ്കജാക്ഷൻ സാർ പുതിയ ലോകത്തിന്റെ വിപ്ലവ കാഹളം മുഴക്കിയത് എന്നോർക്കുക. മനുഷ്യന് സാധ്യമായ ആ

പുതിയ ലോകത്തിന്റെ മിഴിവാർന്ന ചിത്രം വരച്ചുകാട്ടി, അതിനെതിർ നിൽക്കുന്ന തടസ്സങ്ങളെ മുന്നേറാനുള്ള കടമ്പകളായി കണ്ട് വിപ്ലവ വീര്യത്തോടെ മറികടക്കൂ എന്നാണദ്ദേഹം ആഹ്വാനം ചെയ്യുന്നത്. 'പ്രതിബന്ധങ്ങളെ മുന്നേറാനുള്ള കടമ്പകളായി കാണാൻ കഴിയുന്നവരാണ് വിപ്ലവകാരികൾ' (ഒന്നാം പതിപ്പ്: പേജ് 42, രണ്ടാം പതിപ്പ്: പേജ് 38)എന്ന്, വിപ്ലവകാരികൾക്ക് ഏറ്റവും അർത്ഥവത്തായ ഒരു പുതു നിർവ്വചനം നൽകുകയും ചെയ്യുന്നു ഇവിടെ അദ്ദേഹം.

**ജോർജ് മൂലേച്ചാലിൽ**
ഫോൺ: 9497088904

**ഒരു യാത്രയുടെ കഥ**

# ഉത്തരാഖണ്ഡ് ദർശനം-2

**ചന്ദ്രൻ പുറക്കാട്.** ഫോൺ : 9446327525

*"പൊൽതിങ്കൾക്കല പൊട്ടുതൊട്ട ഹിമവൽ ശൈലാഗ്രശൃംഗങ്ങളിൽ......" നമുക്ക് പോകാനായില്ലെങ്കിലും പോയവരുടെ വാക്കുകളിലൂടെ ദർശിക്കാം*

യാത്രാ പരിമിതികളുണ്ടായിട്ടും സഹസ്രാബ്ദങ്ങൾക്കുമുമ്പ് ഈ വഴി സഞ്ചരിച്ച കേരളീയ സന്ന്യാസി വര്യനായ ശങ്കരാചാര്യർ വന്നതും ഈ ദിശ തന്നെ. അദ്ദേഹം സ്ഥാപിച്ച ചതുർധാമങ്ങളിൽ ഒന്ന് ഇവിടെയുണ്ട്. കേദാർനാഥ് ക്ഷേത്രം. പല സ്ഥലങ്ങൾ കടന്ന് ഞങ്ങൾ അവിടെയെത്തിയത് കുതിര സവാരിയെന്ന സാഹസിക യാത്രയിലൂടെയാണ്. എങ്കിലും അല്പം കഴിയുമ്പോൾ നാം അതുമായി പെരുത്തപ്പെടും കാറും, ജീപ്പും, ബസ്സും ഒന്നും തന്നെ ബദരീനാഥിൽ നിന്നും കേദാരനാഥിലേക്ക് കടക്കില്ല. ബദരീനാഥിലുള്ള ബാദരായണ ക്ഷേത്രത്തിലേയ്ക്കുള്ള വഴി തന്നെ ദു:ർഘടമാണ്. മാനം മുട്ടുന്ന മല മടക്കുകൾക്കിടയിലൂടെയുള്ള അപകടം നിറഞ്ഞ ഇടവഴികളാണ് എല്ലാം തന്നെ. ദു:ർഘടമായ ഈ വഴികൾ പിന്നീട് ബദരീനാഥക്ഷേത്രത്തിൽ (വ്യാസ ക്ഷേത്രം) എത്തിചേരുമ്പോൾ ലഭിക്കുന്ന അവാച്യമായ ആനന്ദാനുഭൂതി അനുഭവിച്ച് തന്നെ അറിയേണ്ടതാണ്. ചൈതന്യധന്യമായ ഈ ക്ഷേത്രവും പരിസരവും പ്രദാനം ചെയ്യുന്ന അലൗകിക അനുഭൂതിയിൽ യാത്രികർ സർവ്വവ്യഥകളും മറന്നു

പോകും. ചെന്താമരപ്പൂവിൽ അധിവാസം ചെയ്യുന്ന ബാദരായണ വിഗ്രഹത്തിന്റെ അലൗഗികത ഒരിക്കലും മറക്കാൻ കഴിയുന്നതല്ല. വ്യാസനും വിഷ്ണുവും ഇവിടെ ഒന്നു തന്നെ. "വ്യാസായ വിഷ്ണുരൂപായ വ്യാസരൂപായ വിഷ്ണുവേ" എന്ന ശ്ലോകം ഇവിടെ സാർത്ഥകമാകുന്നു. ഗംഗയുടെ ചലനചാരുതയും അതിന്റെ ലഘു കണങ്ങൾ സൃഷ്ടിക്കുന്ന സൂര്യവലയവും കണ്ണി മയ്ക്കാതെ നാം നോക്കിനിന്നുപോകും. ഇവിടെ നിന്നാണ് കേദാർനാഥിലേക്കുള്ള യാത്ര പോകുന്നത്. അതിനുമുമ്പ് ഹരി ദ്വാറിനെക്കുറിച്ച് അല്പം കാര്യങ്ങൾ കൂടെ.

ഹരിദ്വാർ:- നമ്മുടെ വിശ്വാസമനുസരിച്ച് ഏഴു പുണ്യ സ്ഥലങ്ങളാണ് നമുക്കുള്ളത്. ഹരിദ്വാർ കഴിഞ്ഞാൽ അയോദ്ധ്യ, മഥുര, വാരണാസി, കാഞ്ചി, ഉജ്ജയിൻ, ദ്വാരക തുടങ്ങിയവയാണ് മറ്റുള്ളവ. ഹിമവാന്റെ സമാരംഭം തുടങ്ങുന്നത് ഹരിദ്വാറിൽ നിന്നാണ്. ഗംഗാസ്നാനവും ഗംഗയിലെ ആരതിയുമാണ് ഇവിടെ പ്രധാനം. ഭഗീരഥൻ തപസ്സുചെയ്ത് പാർവ്വതിയേയും ശിവനേയും പ്രത്യക്ഷപ്പെടുത്തിയത് ഇവിടെയുള്ള മലമുകളിൽ വെച്ചാണെന്നാണ് ഐതീഹ്യം.

പഴയ യു.പി. സംസ്ഥാനത്തിന്റെ ഒരു ഭാഗമാണ് ഉത്തരാഖണ്ഡും അതിലുള്ള ഹരിദ്വാറും. പ്രകൃതിമനോഹരമായ ഒരു നാടാണിത്. പുഴകളും മരങ്ങളും പൂക്കളും പഴയ ആശ്രമവാടികളുടെ ചിത്രങ്ങൾ നമുക്ക് ലഭ്യമാക്കുന്നു. എഴുപത് ശതമാനവും ഭൂമി വനനിബിഡമാണ്. കൃഷിയും വനവിഭവങ്ങളും ടൂറിസവുമാണ് പ്രധാന വരുമാന മാർഗങ്ങൾ. ആദ്ധ്യാത്മികാന്തരീക്ഷമുള്ള ഈ നാട് അക്ഷരാർത്ഥത്തിൽ തന്നെ ദേവഭൂമിയാണ്. ശിവന്റെയും പാർവ്വതിയുടെയും സ്വന്തം നാട്. യോഗീശ്വരന്മാരുടെയും ഗംഗയിൽ ഉറപ്പിച്ചു നിർത്തിയ ഇരുമ്പ് ചങ്ങലകൾ തീർത്ഥാടകരുടെ രക്ഷയെക്കരുതി നിർമ്മിച്ചതാണ്. സ്വർഗ്ഗത്തിൽ നിന്നു വരുന്ന ഗംഗ ആദ്യമായി ഭൂമിയെ സ്പർശിക്കുന്നത് ഹരിദ്വാറിൽവച്ചാണെന്ന് കരുതപ്പെടുന്നു.

ഗംഗയുടെ ചലന വഴികളിൽ ശ്രീ പരമേശ്വരന്റെ പ്രശാന്തമായ പ്രതിമ ചൈതന്യധന്യമായി പിനാകപാണിയായി നില ക്കൊള്ളുന്നു. അതിനടുത്ത് ഗംഗാമാതാവിന്റെയും പ്രതിരൂപം അടുത്ത് തന്നെ പഥികർക്കു വഴികാട്ടാനെന്നപോലെ നിൽക്കുന്ന

ഹരിദ്വാർ പാലം. ഇത് ഋഷികേശിലേയ്ക്കുള്ള വഴികാട്ടിയോ ചൂണ്ടുപലകയോപോലെ തോന്നിക്കും. മഹാഭാരതം സംഭവപർവ്വ തത്തിൽ അർജ്ജുനൻ ഹിമാലയത്തിൽ പോകുമ്പോൾ ഹരിദ്വാ റിന്റെ പ്രശാന്തതയും പ്രൗഢിയും പുണ്യവും പരാമർശിക്കുന്നു. കപിലമുനിയും, അഗസ്ത്യനും തപസ്സനുഷ്ഠിച്ചതായി പറയപ്പെ ടുന്നു. ഗംഗാനദിയുടെ സംഭാവനകളാണ് ഹരിദ്വാറും, ഋഷികേ ശവും. ഹരിദ്വാറിലെ ഭാരതമാതാക്ഷേത്രം പ്രസിദ്ധമാണ്. മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഉദ്ഘാടനം ചെയ്ത ഭാരതമാതാ ക്ഷേത്രം ഗംഗയുടെ പരിവേഷം ഏറെ ഉണർത്തുന്നതാണ്. ഭാര തത്തെ ഗംഗയായിത്തന്നെ ഇവിടെ ഉപക്ഷേപിച്ചിരിക്കുന്നു. ഇന്ത്യ യുടെ പുണ്യമാണല്ലോ ഗംഗാനദി. അത് തീരത്തെ മാത്രമല്ല ഭാരതത്തെ തന്നെ തളിരണിയിക്കുന്നു. ഭാരതത്തിന്റെ വളർച്ചയും വികാസവും ഈ ക്ഷേത്ര സങ്കേതത്തിൽ ചിത്രണം ചെയ്യപ്പെട്ടി രിക്കുന്നു. ഒരു ആർട്ട് ഗ്യാലറിയിൽ ഭാരതമാതാവിനെ ഇവിടെ നാം മനസ്സാ നമിക്കുന്നു. ഹരിദ്വാറിലെ പ്രധാനപ്പെട്ട ഉത്സവം അവിടെ നടക്കുന്ന കുംഭമേളയാണ്. ഭാരതത്തിന് അകത്തും പുറ ത്തുമുള്ള ലക്ഷകണക്കിന് തീർത്ഥാടകർ അന്നിവിടെ പങ്കെടു ക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഇവിടെ കുംഭമേള നട ക്കുക. അലഹബാദിൽ നടക്കുന്ന കുംഭമേള പന്ത്രണ്ട് വർഷത്തി ലൊരിക്കലും.

പാലാഴി മഥന സമയത്ത് ദേവാസുരന്മാർ തമ്മിൽ നട ത്തിയ പോരിൽ അമൃതം തെറിച്ചുവീണ കുറച്ചുസ്ഥലങ്ങളിൽ ഒന്നാണത്രെ ഹരിദ്വാർ. അതുകൊണ്ട് തന്നെ ഇവിടെ എത്തിചേ രുന്ന ഭക്തന്മാരും സിദ്ധന്മാരും ഈ പുണ്യ ജലവും മണ്ണും അവ രുടെ ശിരസ്സിലും ശരീരത്തിലും വാരിതൂകുന്നു. മഠങ്ങളും പർണ്ണ ശാലകളും ഇവിടെ ഏറെയുണ്ട്. ഇവയിൽ പ്രധാനം സപ്തർഷ്യാ ശ്രമമാണ്. വിശ്വാമിത്രൻ, വസിഷ്ടൻ, കശ്യപൻ, അത്രി, ജമദ ഗ്നി, ഭരദ്വാജൻ, ഗൗതമൻ എന്നീ ഋഷിവര്യർ ഇവിടെ താപസ്സരാ യിരുന്നു എന്നാണ് ഐതീഹ്യം. പ്രധാനപ്പെട്ട പല വിദ്യാഭ്യാസ സ്ഥാപനങ്ങളും ഹരിദ്വാറിലുണ്ട്. ഗുരുകുല രീതിയിൽ വിദ്യാ ഭ്യാസം നടത്തുന്ന സ്ഥാപനങ്ങളും ഇവിടെയുണ്ട്. ആയുർവേ ദം, യോഗ എന്നീ വിഷയങ്ങളിൽ വിദഗ്ദ പഠന ഗവേഷണ ങ്ങൾ നടത്തുന്നു. വിശ്വോത്തര സ്ഥാപനം പതഞ്ജലി യോഗ വിദ്യാപീഠം ഇതിൽ മുന്നിട്ട് നിൽക്കുന്നു. പല പ്രമുഖ സംസ്കൃത

സർവ്വകലാശാലകളും ഇവിടെയുണ്ട്. സഞ്ചാരികളുടെ ഒരു പറുദീസ തന്നെയായി ഹരിദ്വാർ വിശേഷിക്കപ്പെടുന്നു. കേരളം പോലെത്തന്നെ മലകയറ്റവും ജലയാത്രകളും ടൂറിസ്റ്റുകളെ ആകർഷിക്കുന്നു.

ബുദ്ധഭിക്ഷുവും ചൈനീസ് സഞ്ചാരിയുമായ ഹുവാൻ സാങ് ഏഴാം ദശകത്തിൽ വനങ്ങളും മലകളും കടന്ന് വിജ്ഞാന ദാഹശമനാർത്ഥം ഇവിടം സന്ദർശിച്ചിരുന്നതായി ചരിത്രം പറയുന്നു. അതുപോലെ ആദ്യ ഭാഗവതപാരായണം നടന്ന പുണ്യ സ്ഥാനവും ഹരിദ്വാറാണെന്നാണ് സങ്കല്പം. ഈശ്വരോന്മുഖമായ ഈ ദേശത്തിനു തന്നെ ആത്മീയതയുടെ ഒരു പരിവേഷമുണ്ടെന്ന് കരുതപ്പെടുന്നു. ഹിമവാൻ സൃഷ്ടിച്ച സമതലവും അവിടെ വിരാജിക്കുന്ന ക്ഷേത്രങ്ങളും ഒരിക്കൽ സന്ദർശിച്ചാൽ തന്നെ അവ നമുക്ക് ആയുഷ്കാലം ആത്മശാന്തി നൽകും. പ്രത്യേകിച്ച് ശിവാലികുന്നിലെ കാളിദേവിക്ഷേത്രം, ശ്രീദേവിക്ഷേത്രം, ശിവപുരി ക്ഷേത്രം എന്നിവ.

**ബി**

മലമടക്കുകൾക്ക് മുകളിലുള്ള ഈ ക്ഷേത്രങ്ങളിലേയ്ക്ക് പോകുവാൻ വയർറോപ്പ് സംവിധാനമുള്ള കാറുകളുണ്ട്. ആകാശ ചെരുവിലൂടെയും മേഘങ്ങൾക്കിടയിലൂടെയുമുള്ള ഈ യാത്ര ഒരു ഊഞ്ഞാലാട്ടംപോലെയാണനുഭവപ്പെടുക. താഴേയ്ക്കും മുകളിലേയ്ക്കുമുള്ള വാഹനങ്ങൾ ഒരിക്കലും കൂട്ടിയിടിക്കാത്ത വിധമാണ് സംവിധാനം ചെയ്തിരിക്കുന്നത്. ചുവട്ടിൽ നിന്നും ഉദ്ദേശം 700 അടി ഉയരത്തിലൂടെയാണ് ഈ ആട്ടോകാറുകൾ പിടിച്ചുകയറുകയും ഇറങ്ങിവരുകയും ചെയ്യുന്നത്. അടുത്ത് വരുമ്പോൾ ആടിയാടി അവ ഒഴിഞ്ഞുമാറി സഞ്ചരിക്കും. ഇടയ്ക്കുള്ള താവളങ്ങളിൽ സഞ്ചാരികൾക്ക് ഇറങ്ങുകയും ആവാം. അനുഭൂതിദായകമായ ഈ യാത്രയ്ക്ക് ഇരുന്നൂറ്റിയമ്പത് രൂപയാണ് നിരക്ക്. അതൊരിക്കലും ഒരു നഷ്ടമല്ല. എന്ന് സഞ്ചരിച്ച് കഴിയുമ്പോൾ നമുക്ക് ബോധ്യമാകും. പക്ഷേ കയറിക്കൂടാൻ അടിവാരത്തെ കാത്തിരിപ്പ് മണിക്കൂറുകൾ തന്നെ എടുക്കും. വനവൃക്ഷങ്ങൾക്ക് മുകളിലൂടെയുള്ള യാത്രയിൽ അതെല്ലാം നാം മറക്കും. ട്രക്കിങ്ങിലൂടെയും നമുക്ക് ക്ഷേത്രത്തിലെത്താം. ആരോഗ്യം സുഖകരമെങ്കിൽ ഓരോ വനയാത്രയും നമുക്ക് നൽകുന്നത് അനുഭൂതി

കൾ തന്നെയാണല്ലോ. പ്രസ്തുത ക്ഷേത്രങ്ങളിൽ നിന്നുള്ള ഗംഗാ ദർശനവും അതീവ ഹൃദ്യമായി അനുഭവപ്പെടും. ഹരിദ്വാറിന്റെ പൊന്നരിഞ്ഞാണം പോലെ ഗംഗ ഒഴുകുന്നത് മലമുകളിൽ നിന്നും കാണുന്നത് അവാച്യമായ ഒരനുഭവം തന്നെയാണ്. ഈ ക്ഷേത്ര ങ്ങൾക്ക് ഒരു നൂറ്റാണ്ട് പഴക്കമുള്ളതായി പറയപ്പെടുന്നു. നമ്മുടെ നാഗരികതയുടെ പൈതൃകാനുഭവം. മൻസാദേവിക്ഷേത്രം ശക്തി സ്വരൂപിണിയായ അമ്മയുടെ വിശിഷ്ടമായ ഒരാവാസ സ്ഥാന മാണ്. റോപ്‌വേ കാറിലൂടെ തന്നെ ഞങ്ങൾ താഴെയെത്തി.

വെള്ളിയരഞ്ഞാണംപോലെ ഗംഗാനദി പതഞ്ഞൊഴുകുന്നു. അവിടെ വിസ്തരിച്ചൊരു കുളി. ഹരിദ്വാറിലെ മദ്രാസി ധർമ്മശാ ലയിൽ ഭക്ഷണശേഷം വിശ്രമം. വൈകുന്നേരം ഹരിദ്വാറിന്റെ സഞ്ചാര വീഥികൾ കണ്ടു നടന്നു. ആശ്രമങ്ങൾ, മഠങ്ങൾ, വ്യാപാ രശാലകൾ. ഏതോ ഒരു മുന്നറിയിപ്പ് പോലെ ഏഴുമണിക്ക് അറു പത് കിലോമീറ്റർ വേഗത്തിലൊരു കാറ്റ്. കരിയിലകൾ പറന്നക ന്നു. ദീപാരാധനയ്ക്ക് ശേഷം ക്യാമ്പിൽ തിരിച്ചെത്തി യാത്രാകു റിപ്പുകൾ! ഭക്ഷണം അടുത്ത ദിവസത്തെ യാത്ര സൈനാച്ചട്ടി യിലെ യമുനാതീരം! രാത്രി ലൈറ്റണഞ്ഞു, വിശ്രമം.

രാവിലെ 5 മണിയ്ക്ക് തന്നെ ഉണർന്നു. യാത്രബാഗിൽ സൂക്ഷിച്ചിരുന്ന ഈ ലേഖകന്റെ പ്രിയതമരാഗിണിയുടെ ചിത്രാ ഭസ്മം പ്രാർത്ഥനയോടെ പുറത്തെടുത്തു. ഗംഗയിൽ മുങ്ങിക്ക യറി അവർക്കായി പ്രാർത്ഥന. സുഹൃത്ത് കൊട്ടാരക്കര സ്വദേ ശിയായ സതീശൻ ശാന്തിയുടെ സഹായത്തോടെ പുണ്യഗംഗ യിൽ പ്രാർത്ഥനാപൂർവ്വം ചിതാഭസ്മം ഗംഗയിൽ നിമഞ്ജനം ചെയ്തു. അത് അതിവേഗം തന്നെ ഭാരതത്തിന്റെ വിശുദ്ധതീര ങ്ങളെ തഴുകി ഏഴു സമുദ്രങ്ങളുടേയും അഗാധ നീലിമയിലേയ്ക്ക് മറ്റൊരു തീർത്ഥാടനം തുടങ്ങി. അവിടെ ഞങ്ങൾ രാഗിണിയും ഞാനും വഴിപിരിയുകയായിരുന്നു. എങ്കിലും ആകാശ നീലിമ യിലെ അനന്ത നക്ഷത്രങ്ങളിൽ ഒന്നുകൂടെ അന്നു പുനർജനിച്ചു, തിളക്കത്തോടെ. സമുദ്രഗമനം ചെയ്ത ഗംഗ അന്നൊരു രമ്യ രാഗം മൂളി.

“എന്റെ ദേശം കാണ്മതിന്നായ് ഞാൻ തനിയെ പോകുന്നു” അതൊഴുകട്ടെ. സംഗീതത്തെ എന്നും ഉപാസിച്ചിരുന്ന അത് ചിറ്റോളങ്ങളെ വിരിയിച്ചുകൊണ്ട് എന്നും പാടി പാടി ഒഴുകട്ടെ.

ആകാശത്തും അത് രാഗവസന്തം വിടർത്തട്ടെ.

**സൈനാച്ചട്ടി**

മുപ്പതോളം മലകളെ ചുറ്റി പത്തു മണിക്കൂർ എടുത്ത് ഞങ്ങൾ സൈനാച്ചട്ടിയിൽ എത്തിചേർന്നു. സമയം വൈകിട്ട് ആറു മണി. ചതുർധാമയാത്രയിലെ ഒരു പ്രധാന ഇടത്താവള മാണ് ഇത്. നമ്മുടെ ഗ്രാമങ്ങളും അതിന്റെ തലസ്ഥാനങ്ങളും പോലെ എത്രയെത്ര ദേശങ്ങൾ ഈ യാത്രയിൽ പിന്നിടാൻ കഴി ഞ്ഞു. വഴിവാണിഭക്കാർ സഞ്ചാരികളെ ആകർഷിക്കുന്നവിധം അവരുടെ ഉല്പന്നങ്ങൾ അവിടെ നിരത്തിയിരിക്കുന്നു. നാടൻ പഴങ്ങൾ, പഴച്ചാറുകൾ, വനവിഭവങ്ങൾ, കൗതുക വസ്തുക്കൾ, രോമക്കുപ്പായങ്ങൾ, പഞ്ഞി വസ്ത്രങ്ങൾ, ഊന്നുവടികൾ, ചായ ക്കടകൾ, വീടുകൾ പുതിയവും പഴയവയും അവയുടെ ശൈലീ മാറ്റങ്ങൾ എല്ലാം ഒരേ വഴിയിൽ കാണുവാൻ ഈ യാത്രകൾ എത്രയോ പ്രയോജനപ്രദം.

വളർന്നു പടർന്നു നിൽക്കുന്ന ഫലവൃക്ഷങ്ങൾ പലനിറ ങ്ങളിൽ തരത്തിൽ. അവ നമുക്ക് പറിച്ചെടുക്കുവാനും ആസ്വദി ക്കുവാനും കഴിയും. പ്രാദേശിക ഭാഷകൾ ഹിന്ദിയോട് ആഭി മുഖ്യം പുലർത്തുന്നവയാകയാൽ കാര്യങ്ങൾ അവരെ ഗ്രഹിപ്പി ക്കുവാനും അവർ പറയുന്നത് ഒരു പരിധിവരെ നമുക്ക് മനസ്സി ലാക്കുവാനും കഴിയും. സഞ്ചാര വഴികളിൽ പലതരത്തിലുള്ള മരങ്ങളാണ് നമുക്ക് തണൽ തരുവാൻ നിരന്നുനിൽക്കുന്നത്. യു.പി സംസ്ഥാനത്തിന്റെ പഴയ ദൃശ്യങ്ങൾ പലതും ഈ യാത്രയിൽ അങ്ങിങ്ങ് ചരിത്രരേഖകൾ പോലെ ഇവിടെ നമ്മെ സ്വാഗതം ചെയ്തു നില്ക്കുന്നു. ഇപ്പോൾ ഉത്തരാഖണ്ഡിൽപ്പെട്ടവയാണെ ങ്കിലും പണ്ടിവിടം യു.പി.സംസ്ഥാനത്തിൽപ്പെട്ടവയായിരുന്നു. പല തവണകളിലായി ഈ സ്ഥലം പല ഖണ്ഡങ്ങളായി, സംസ്ഥാന ങ്ങളായി വിഭജിക്കപ്പെട്ടു. ബീഹാർ, ഒറീസ്സ, ഹരിയാന തുടങ്ങി എത്രയെത്ര സംസ്ഥാനങ്ങൾ എങ്കിൽപോലും കേരളത്തെക്കാൾ എത്രയോ വലുപ്പമുള്ളവയാണ് എല്ലാം തന്നെ. വിഭജനം വരു മ്പോൾ വളർച്ചയാണ് ഓരോ ദേശത്തിനുമുണ്ടാകുന്നതെന്ന് നമുക്കു മനസ്സിലാകും. ഒരു ജില്ലാ പ്രദേശത്തിന്റെ വലിപ്പമുള്ള ഗ്രാമദേശങ്ങൾ.

# കൊച്ചുവർത്തമാനം

## 1. മാമ്പഴക്കാലം

മുറ്റത്തെ മാവു നിറയെ മാങ്ങ. ഒരു ചാക്കുമായി കയറി താഴെ വീഴാതെ പറിച്ചു പങ്കിട്ടു. രണ്ടുമാസം മുമ്പും ഈ മാവിൽ ഒന്നു കയറി. അന്ന് മാങ്ങ ഒന്നും ഉണ്ടായിരുന്നില്ല. ഇത്തിക്കണ്ണി കാട് പോലെ വളർന്ന് നിന്നിരുന്നു. അല്പം പണിപ്പെട്ടു അതെല്ലാം കോതി കളഞ്ഞു. മാവിനത് ഇഷ്ടപ്പെട്ടു. താങ്ക്യു എന്ന് എന്നോട് പറയുകയും ചെയ്തു. വെറുതേ നന്ദി പറച്ചിൽ മാത്രമല്ല. ഇതാ ഇപ്പോൾ ഇഷ്ടം പോലെ മാങ്ങയും. മാവിലെ ഇത്തിക്കണ്ണികൾ പറിച്ച് കളഞ്ഞപ്പോൾ ഇത്രയും ഫലമെങ്കിൽ ഞാനോർക്കുകയായിരുന്നു മനസ്സിലെ ഇത്തക്കണ്ണികൾകൂടി കോതിക്കളഞ്ഞിരുന്നെങ്കിൽ ശാന്തിയുടെ കനികൾ ധാരാളം കിട്ടുമായിരുന്നു. രാവിലെ മാനുഷികധ്യാനം കഴിഞ്ഞ് മനസ്സിലെ ചില്ലകളിലേയ്ക്ക് ഒന്ന് കയറിക്കോളൂ. അനാവശ്യ ചിന്തകളുടെ കൊമ്പുകളൊക്കെ വെട്ടിമാറ്റൂ. നല്ല ഒരു വ്യായാമവും ആകും ഫലങ്ങളും കിട്ടും. മാമ്പഴം തിന്നാൽ പ്രമേഹം വരുകയല്ല. പോവുകയാണ് ചെയ്യുന്നത്. നിയന്ത്രിക്കേണ്ടത് ചോറും കൊതിയൂറും നാവിനേയുമാണ്.

## 2. നമ്മുടെ അനശ്വര സമ്പാദ്യം

ഒരാൾ വഴിയരുകിൽ ഇരുന്ന് യാചിക്കുകയായിരുന്നു. പതിവ്പോലെ യാത്രക്കാരോടയാൾ പറഞ്ഞു."നിങ്ങളെപോലെ ധനവാനായിട്ടല്ല ദൈവം എന്നെ സൃഷ്ടിച്ചിരിക്കുന്നത്. ഞാനൊരു തെണ്ടിയാണ് എന്തെങ്കിലും തരണേ." പലരും യഥാശക്തി കൊടുത്തു. എന്നാൽ ഒരാൾ വന്ന് ഞാനൊരു അവയവ വ്യാപാരിയാണെന്ന് സ്വയം പരിചയപ്പെടുത്തി. നിങ്ങൾക്ക് വേണമെങ്കിൽ ഞാൻ ലക്ഷക്കണക്കിന് രൂപ തരാം. അവയവങ്ങൾക്കനുസരിച്ചാണ് റേറ്റ്. കിഡ്നിയ്ക്ക് രണ്ട്, കണ്ണിന് മൂന്ന്, കരളിന് പത്ത്. ഇതിനേതിനെങ്കിലും തയ്യാറാണോ. എങ്കിൽ അഡ്വാൻസ് ഒരു ലക്ഷം വാങ്ങികൊണ്ട് എന്നോടൊപ്പം പോരുക. വളരെ ആലോചിച്ചിട്ട് യാചകനത് നിരസിച്ചു. "എന്റെ കണ്ണും കരളും ഒന്നും വിറ്റിട്ടെനിക്ക് കാശുവേണ്ട."ശരി രണ്ട്നൂറ് രൂപ നോട്ടുകൾ കൊടുത്തിട്ട് വ്യാപാരി പറഞ്ഞു "എങ്കിൽ നിങ്ങൾ ഇപ്പോൾ പറ

ഞ്ഞുകൊണ്ടിരിക്കുന്ന വാചകം ഇനി പറയാതിരിക്കുക. ഹൃദയമുൾപ്പെടെ ഒരമ്പത് ലക്ഷത്തിന്റെ മുതലുവെറുതെ തന്ന ദൈവം നിങ്ങളെ തെണ്ടിയായിട്ടാണ് സൃഷ്ടിച്ചതെന്ന് ഇനി മിണ്ടരുത്. ഇതുകൂടാതെ വിലമതിക്കാനാവാത്ത മനസ്സും ബുദ്ധിയും തന്നിട്ടുണ്ട്. അതിന് നന്ദിപറഞ്ഞ് ഈ ഭൂമിയിൽ തന്നാലാകും വിധം പണിയെടുത്ത് സന്തോഷമായി ജീവിക്കൂ." സൂക്ഷിച്ച്നോക്കൂ നമുക്ക് ഈ യാചകന്റെ മുഖഛായ തോന്നുന്നുണ്ടോ. എന്തുകിട്ടായാലും തൃപ്തിവരാത്ത മനസ്സാണോ നമ്മുടെത്. എങ്കിൽ ഉടനെ തന്നെ തിരുത്തേണ്ടതാണ്.

ഈ ലോകജീവിതം സുന്ദരമാക്കുവാൻ സ്വല്പം സമ്പാദ്യമൊക്കെ വേണ്ടിവരും. അതിനായി കുറച്ച് കഷ്ടപ്പെടേണ്ടിയും വരും. പക്ഷേ ജീവിത ലക്ഷ്യം ഇത് മാത്രമായാലോ. എന്തു കഷ്ടപ്പാടാണ് മനുഷ്യൻ സഹിക്കുന്നത്. പാട്പെട്ട് കൊട്ടാരമൊക്കെ കെട്ടി കഴിയുമ്പോൾ കിട്ടാത്തതെന്തെങ്കിലും ജീവിതത്തിൽ സ്വാഭാവികമായി ഉണ്ടാകും. പിന്നെ അതിനെ പറ്റിയാകും വ്യാകുലത. അതോടെ ജീവിതാനന്ദം നഷ്ടമാകും. മനസ്സിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നവരുണ്ട്. അവർക്ക് ജീവിതാനന്ദം അനുഭവപ്പെടും. നമ്മുടെ മനസ്സിനെയും അതിന്റെ ഉള്ളറകളിൽ പ്രകൃതി നമുക്കായി കരുതി വച്ചിരിക്കുന്ന അനശ്വര സമ്പത്തിനെ കുറിച്ചും നാം മനസ്സിലാക്കണം. നമ്മുടെ ആന്തരികവും ബാഹ്യവുമായ ഈ രണ്ട് സമ്പാദ്യങ്ങളും നല്ലതുപോലെ വിളക്കിചേർത്ത് വേണം നാം നമ്മുടെ ജീവിത സൗധം നിർമ്മിക്കുവാൻ. നമ്മെ എല്ലാം തമ്മിൽ ആന്തരികമായി ബന്ധിപ്പിക്കുന്ന സ്നേഹമെന്ന സിമന്റിംഗ് ഫാക്ടറില്ലാതെ നിർമ്മിക്കുന്ന ജീവിത സൗധങ്ങളൊന്നും ശാശ്വതമായിരിക്കുകയില്ല. ശുഭാപ്തിവിശ്വാസത്തോടെ പരമമായ ഒരു ശക്തിയിൽ വിശ്വസിച്ച്കൊണ്ട് എല്ലാവരെയും സ്വന്തമെന്നുകരുതി പെരുമാറിതുടങ്ങുക. കഴിയുന്ന സേവനങ്ങൾ ചെയ്യുക. മൈത്രീഭാവന സിരകളിൽ പടരുമ്പോൾ ശാന്തിയും സമാധാനവും നിങ്ങളെ തേടിവരും. മറ്റുള്ളവർ ശീലിക്കുമോ എന്ന് വിചാരിച്ച് കയ്യിൽ കിട്ടിയ നിധി അവരെ പോലെ ഉപേക്ഷിക്കരുത്. സജ്ജനങ്ങളേയും ദുർജനങ്ങളേയും സ്നേഹിച്ച് എപ്പോഴും സന്തോഷമായിരിക്കുക. ഒരു സാഹചര്യത്തിലും ആത്മവിശ്വാസം കൈവെടിയരുത്. "കരളിൽ വിവേകം കൂടാതെ കണ്ടരനിമിഷം ബത കളയരുതാരും."

## ഇതാ ചില ജീവിതാനുഭവങ്ങൾ

1. ദർശനം വായനക്കാരനായ ശ്രീ. അശോകൻ സമീപ വാസിയാണ്. കളക്ട്രേറ്റിൽ ആയിരുന്നു ജോലി. അനുജൻ സാബു താലൂക്ക് ഓഫീസിലും. ശാന്തമായ കുടുംബ ജീവിതം നയിച്ചു വരുന്നു. അങ്ങിനെ ഇരിക്കെ സാബുവിന് ഒരു പനിയും നെഞ്ചുവേദനയുമുണ്ടായി. ആശുപത്രിയിൽ പോയി മരുന്നുക ഴിച്ചു. ഒരു എക്റേയുമെടുത്തു. ഇത് കണ്ട ഡോക്ടർ അമ്പര ന്നു. വിവരം രോഗിയോട് പറഞ്ഞു. ശ്വാസകോശത്തിന് അർബുദം ബാധിച്ചിരിക്കുന്നു. ഇതിന് ഫലപ്രദമായ ചികിത്സ ഇല്ല. പുകവലിയോ മറ്റ് ദുശ്ശീലങ്ങളോ സാബുവിന് ഇല്ലായിരുന്നു. വീട്ടുകാരാരും അറിയാതെ മറ്റു വിദഗ്ധ ഡോക്ടർമാരെയും എക്സ്റേ കാണിച്ചു. രോഗം മാരകമാണെന്ന് അവരും സ്ഥിരീ കരിച്ചു. ഇനി രക്ഷയില്ല എന്ന നിരാശാ പൂരിതമായ മനസ്സ് അദ്ദേ ഹത്തെ വഴിതെറ്റിച്ചു. രാവിലെ ക്ഷേത്രത്തിലേക്ക് എന്നും പറഞ്ഞ് വണ്ടിയെടുത്തു. റെയിൽ പാളത്തിനടുത്ത് ചെന്ന് ആദ്യമായി തന്റെ രോഗവിവരം വീട്ടിലേക്കറിയിച്ചു. അമ്പരന്നുനിന്ന വീട്ടു കാരോട് തന്റെ പദ്ധതി വെളിവാക്കി, യാത്രയും പറഞ്ഞു. ഇടി വെട്ടേറ്റതുപോലെ വീട്ടുകാരും അയൽക്കാരും റെയിൽവേ ലൈനുകളിലേക്കോടി. സംഭവ സ്ഥലത്തും അവരെത്തി. പക്ഷേ അപ്പോഴേയ്ക്കും ഒരു ട്രെയിൻ കടന്നു പോയി. അതുവഴി വിടർന്ന് തീരും മുമ്പേ ആ ജീവനും പൊലിഞ്ഞുപോയി.

കുടുംബം കണ്ണീരിൽ മുങ്ങി കരയുന്ന കുട്ടികളെ എന്തു പറഞ്ഞാശ്വസിപ്പിക്കാനാകും. ഇത്തരം മരണ മണി മുഴക്കുന്ന പ്രഖ്യാപനങ്ങൾ വൈദ്യശാസ്ത്രത്തിന് ഭൂഷണമാണോ? ആധു നിക വൈദ്യശാസ്ത്രത്തിലൂടെയും പ്രകൃതി ജീവനകേന്ദ്രങ്ങളി ലൂടെയും ഒക്കെ എത്രയോ ഗുരുതരം എന്നു വിശേഷിപ്പിച്ച രോഗികൾ രക്ഷപ്രാപിച്ച ചരിത്രം നമുക്കുണ്ട്. എന്താണ് ജീവിത ലക്ഷ്യം എന്ന ഒരാത്മീയ കാഴ്ചപ്പാടും നാം വളർത്തിയെടുക്ക ണം. എല്ലാ പരീക്ഷണങ്ങളെയും നാം നേരിടണം. അതിനുള്ള കരുത്ത് പ്രകൃതി നമുക്കായി നമ്മുടെ ഉള്ളിൽ നിക്ഷേപിച്ചിട്ടു ണ്ട്. അതുമറന്ന് പോകുന്നതാണ് മഹാപരാധങ്ങൾക്ക് കളമൊ രുക്കുന്നത്. നമ്മളാരും ഇവിടെ സ്ഥിര വാസത്തിന് എത്തിയവര ല്ലല്ലോ. പിന്നെ എന്തിന് ഭയപ്പെടണം. ഹിന്ദു മുസ്ലീം ലഹള നട ക്കുന്ന കാലം സമാധാനം പുനസ്ഥാപിക്കുവാനായി മഹാത്മജി

ഉപവാസത്തിൽ ആറു ദിവസം പിന്നിട്ടപ്പോൾ കിഡ്നി പ്രവർത്തിക്കാതായി. മൂത്രം പോകുന്നില്ല. ഭാരകൂടുതൽ അനുഭവപ്പെട്ടു. ഗുരുതരമായ പ്രതിസന്ധി. ഡോ: സുശീലനയ്യാർ പ്രശ്നം ബാപ്പുവിനെ ബോധ്യപ്പെടുത്തി. ഉടൻ മരുന്ന് കഴിക്കണം. രാജ്യം രക്ഷിക്കാൻ വേണ്ടിയാണ് അങ്ങ് ഉപവസിക്കുന്നത്. മരുന്ന് കഴിച്ചില്ലെങ്കിൽ സ്വന്തം രക്ഷയും രാജ്യ രക്ഷയും അപകടത്തിലാകും. ബാപ്പു തിരിച്ച് ചോദിച്ചു. ഇതൊക്കെ ആരു പറയുന്നു. ഡോക്ടർ ധൈര്യ പൂർവ്വം പറഞ്ഞു. “ഇതു ശാസ്ത്രം പറയുന്നതാണ്.” ബാപ്പുവിന്റെ മറുപടി ഇതായിരുന്നു. “ശാസ്ത്രം പറയുന്നതെല്ലാം സത്യമാണോ?രാമനാണെന്റെ ഡോക്ടർ അദ്ദേഹത്തിന്റെ ഇച്ഛാനുസരണമാണെന്റെ ഉപവാസം. എല്ലാം ഈശ്വരേച്ചപോലെ നടക്കട്ടെ. നിങ്ങൾ ധൈര്യമായിരിക്കുക.” അതു തന്നെ സംഭവിച്ചു. അടുത്ത ദിവസം ബാപ്പു മൂത്രം ഒഴിച്ചു. കിഡ്നി പ്രവർത്തിച്ചു തുടങ്ങി. പിന്നെ പറയേണ്ടല്ലോ ഹിന്ദു മുസ്ലീം ഐക്യം പുനസ്ഥാപിച്ചിട്ടാണ് ആ ഉപവാസം ബാപ്പു അവസാനിപ്പിച്ചത്.

**വരൂ ഇനി മറ്റൊരു രംഗം**

2. കുറച്ച് നാൾ മുമ്പ് അനന്തിരവൻ ശബരീഷ് അവന്റെ ജോലി സ്ഥലമായ തിരുവനന്തപുരത്തു നിന്നും വന്നപ്പോൾ മുഖത്തൊരു മ്ലാനത കണ്ടു. കാര്യം ചോദിച്ചപ്പോൾ അവൻ താമസിക്കുന്ന വീട്ടിലെ ഒരു പ്രശ്നം പറഞ്ഞു. ഗൃഹനാഥനായ ശ്രീകുമാറിന് (45) പെട്ടെന്ന് കാഴ്ചയ്ക്ക് ഒരു മങ്ങൽ ഒന്നും വ്യക്തമായി കാണാനാവുന്നില്ല. നല്ല ഒരാശുപത്രിയിലെത്തി. വിദഗ്ദ പരിശോധനകളെല്ലാം നടന്നു. ശ്രീകുമാറിനോടും ഭാര്യ അമ്പിളിയോടും ഡോക്ടർ കാര്യങ്ങൾ തുറന്നുപറഞ്ഞു. കണ്ണിലേയ്ക്കുള്ള ഞരമ്പായ ഓപ്റ്റിക്ക്നേർവിന്റെ പ്രവർത്തനശേഷി കുറയുകയാണ്. ഇതിന് ചികിത്സ ഉള്ളതല്ല. ഇത് കൂടിക്കൂടി വന്ന് കാഴ്ച തന്നെ പോയന്ന് വരാം. തല്ക്കാലം മരുന്ന് കഴിക്കുക. എന്നിട്ട് ഒരു കമന്റും കൂടി. ഇത്രയും നാളൊക്കെ കണ്ടില്ലേ. ഇനി എന്തോന്നാണ് പുതിയതായി കാണാൻ. പൊരുത്തപ്പെട്ട് ജീവിക്കുക. ഡോക്ടറുടെ ദൃഷ്ടിയിൽ ശാസ്ത്രീയമായും മതപരമായും വേണ്ട നിർദ്ദേശങ്ങൾ നൽകി. എന്നാൽ ഇവിടെ രോഗിക്ക് വേണ്ടത് കാരുണ്യവും വിശ്വാസവുമായിരുന്നു. അപ്രിയമായ അർദ്ധസത്യങ്ങളായിരുന്നില്ല. ഇത് കേട്ടതോടെ മങ്ങിയ കാഴ്ചയും നിരാശയും ബാധിച്ച അദ്ദേഹം ഈ ആശുപത്രികെ

ട്ടിടത്തിന്റെ ഉന്നതങ്ങളിൽ നിന്നും ചാടി മരിക്കാൻ ശ്രമിച്ചു. തക്ക സമയത്തെ ഇടപെടലുകൾകൊണ്ട് ഭാര്യ അമ്പിളിക്ക് അത് തടയാനായി. എങ്കിലും കുടുംബാന്തരീക്ഷം ഭയത്തിന്റെ നിഴലിൽ. ശബരീഷ് അതിഥിയായി താമസിക്കുന്ന ഈ വീടിന്റെ ദു:ഖമാണ് അവന്റെ മുഖത്ത് പ്രതിഫലിച്ചുകണ്ടത്.

ഫോണെടുത്ത് അവരെ വിളിച്ചുതരുവാൻ മോനോടു പറഞ്ഞു. അമ്പിളിയാണ് ഫോണെടുത്തത്. അവരുടെ ദു:ഖങ്ങൾ കേട്ടു. എനിയ്ക്ക് ഒരു പരിചയവുമില്ലാത്ത അവരുടെ കാതുകളിലേയ്ക്ക് മൈത്രീഭാവനയും ശുഭചിന്തകളും പകർന്നു. ഡോക്ടറുടെ വിധി നിലനിൽക്കുന്നതല്ല എന്ന് അനുഭവങ്ങൾ വിശദീകരിച്ച് അവരെ ബോധ്യപ്പെടുത്തി. ഡോക്ടർക്ക് ചികിത്സിക്കാൻ മാത്രമാണ് അധികാരമെന്നും അതിനുസാധിക്കുന്നില്ലെങ്കിൽ എനിക്കിതിനു കഴിയുകയില്ലന്ന് പറഞ്ഞാൽ മതി. ലോകത്ത് മറ്റ് ചികിത്സാശസ്ത്രങ്ങളുണ്ടല്ലോ. നമുക്കാവത്തത് മറ്റൊരാൾക്ക് കഴിഞ്ഞെന്നു വരാം. കഴിഞ്ഞില്ലെന്നും വരാം. അവസരം കൊടുക്കണം. ഏക പക്ഷീയമായ ഈ വിധി സധൈര്യം തള്ളിക്കളയുവാൻ ഞാനവരെ പ്രാപ്തരാക്കി. എന്റെ വിചിത്രമായ വാദഗതികൾ കേട്ടുണർന്ന അവർ ഫോൺ ഭർത്താവിന് കൈമാറി. ആ രോഗിയെയോ ഓപ്റ്റിക്നേർവോ കണ്ടിട്ടില്ലാത്ത ഞാൻ ശ്രീകുമാറിനോട് പറഞ്ഞു. നിങ്ങൾക്ക് കാഴ്ച തിരിച്ചുകിട്ടും നിങ്ങൾ വാഹനവും ഓടിക്കും. ശാസ്ത്ര ദൃഷ്ടിയിൽ എന്തൊരു വിഡ്ഢിത്തം. ഞാനദ്ദേഹത്തോട് ഏറ്റവും വലിയ കണ്ണു വൈദ്യനായ സൂര്യ നാരായണനെ രാവിലെയും വൈകിട്ടും മുഖാമുഖം കാണുവാൻ പറഞ്ഞു. ഫീസൊന്നും കൊടുക്കേണ്ട. ഉദയാസ്തമയങ്ങളിൽ ഇരുപത് മിനിട്ട് നോക്കിയിരുന്നാൽ മതി. കൂടെ പ്രകൃതി ജീവന രീതികളും. ധാന്യങ്ങൾ കുറച്ചുകൊണ്ട് കായ്കനികൾ കഴിക്കുക. എല്ലാം അക്ഷരം പ്രതി അവർ അനുഷ്ടിച്ചു. ശ്രീകുമാർ സൂര്യനെ നോക്കി. സൂര്യൻ ശ്രീകുമാറിനെയും നോക്കി. കണ്ണുതെളിഞ്ഞു വന്നു. കാഴ്ച കിട്ടിത്തുടങ്ങിയപ്പോൾ പ്രകൃതിയോടൊപ്പം കൂത്താട്ടുകുളത്ത് ശ്രീധരീയത്തിൽ പോയി ആയൂർവേദ ചികിത്സകൂടി ചെയ്തു. ശ്രീകുമാറിപ്പോൾ സാധാരണപോലെ ജീവിക്കുന്നു. വണ്ടിയും ഓടിക്കുന്നു.ശ്രീകുമാറിന് കാഴ്ച കിട്ടില്ല എന്നു പറഞ്ഞ ഡോക്ടർക്ക് ശാസ്ത്രജ്ഞാനമുണ്ടായിരുന്നു. എന്നാൽ അകക്കണ്ണ് തെളിഞ്ഞിരുന്നില്ല. എന്നാൽ

കാഴ്ച തിരിച്ചുകിട്ടുമെന്നു പറഞ്ഞ ആളിന് രണ്ടുമുണ്ടായിരുന്നില്ല. പ്രശാന്തവും പ്രസാദാത്മകവുമായ മനസ്സാണ് രോഗശമനത്തിന്റെ മുഖ്യ ഘടകം. സൂര്യൻ ഉദിക്കുന്നില്ല. അസ്തമിക്കുന്നുമില്ല. ഭൂമിയാണ് കറങ്ങുന്നത്. എന്നു ശാസ്ത്രം പറഞ്ഞത് സത്യം. എന്നാൽ ചികിത്സാരംഗം ഭരണകൂടം പോലെ ആകെ കുഴഞ്ഞ് മറിഞ്ഞ് കിടക്കുകയാണ്. രോഗനിർണ്ണയം ചികിത്സാവിധികളൊക്കെ എല്ലാ ചികിത്സാശാസ്ത്രങ്ങളിലും ഒരുപാട് തെറ്റുന്നുണ്ട്. എല്ലാ ചികിത്സാ ശാസ്ത്രത്തിനുപരിയാണ് മനുഷ്യൻ. ജന്തുക്കൾക്ക് തിരിച്ചറിവ് അതായത് തന്നിലെ അനശ്വര ശക്തിയെ കുറിച്ച് അറിവില്ല. മനുഷ്യന് ശ്രമിച്ചാൽ തിരിച്ചറിയാം. ആത്മബോധത്തിലേക്ക് ഉണരാം. ശരീരമനസ്സുകൾ താളാത്മകമാക്കാം അതാണവന്റെ അനശ്വര സമ്പാദ്യം. ജയ്ജഗത്

## സാധന

ദർശനം വായനക്കാരിൽ ഓരോരുത്തരും നമ്മുടെ ഭൗമാന്തരീക്ഷത്തിലേയ്ക്ക് ഹൃദ്യതയുടെ തരംഗങ്ങൾ പ്രസരിപ്പിക്കുവാൻ ശ്രമമാരംഭിക്കണം. വായനയും കീർത്തനവും പ്രവർത്തനവും സകല ബാഹ്യചലനങ്ങളും പുറത്തേക്ക് വിടുന്ന ഭാവം ആർദ്രതയുടേതാവാൻ ശ്രദ്ധവയ്ക്കണം. സന്തോഷത്തിന്റേയും അൻപിന്റേയും കുളിർ തരംഗങ്ങൾ കൃഷിയിലും കച്ചവടത്തിലും യാത്രയിലും സംഭാഷണത്തിലുമെല്ലാം കലർന്നു വരുവാൻ സാധന ചെയ്ത് തുടങ്ങണം. വെറുപ്പിന്റെ വിത്തു വാരി വിതച്ചിട്ട് സ്നേഹത്തിന്റെ കതിർ കൊയ്യാമെന്ന് കരുതിയാൽ അത് സംഭവിക്കുമോ. നല്ല വിത്ത് വിതച്ചാലും കൊയ്യാൻ ചിലപ്പോൾ കഴിഞ്ഞില്ലെന്നും ഒക്കെ പതിരായിപ്പോയെന്നും വരാം. എന്നാലും വീണ്ടും വീണ്ടും നല്ല വിത്തുകൾ തന്നെ വാരിവിതയ്ക്കണം. അതെവിടെ കിട്ടും. നമ്മുടെ ഉള്ളിൽ നന്മയുടെ മഹാനിക്ഷേപം തുറക്കപ്പിടാതെ കിടപ്പുണ്ട്. മാനുഷിക ധ്യാനം, ജൈവാർച്ചന, തറക്കൂട്ടം തുടങ്ങിയ സംരംഭങ്ങൾ ഈ നിക്ഷേപങ്ങൾ തുറക്കാനുള്ള താക്കോലുകളാണ്. മറ്റുള്ളവർ തുറക്കുമോ. എന്നു നോക്കുന്നതിന് പകരം നമുക്ക് നമ്മുടെ ഉള്ളിലെ നിക്ഷേപം തുറന്നുവെയ്ക്കാം. സുഗന്ധം നാലുപാടും പരക്കട്ടെ. പ്രവഹിക്കാൻ തുടങ്ങിയാൽ അത് വറ്റാത്ത ഉറവ ആയിക്കൊള്ളും.

# കരിമല ഇറക്കം കഠിനമെന്റയ്യപ്പാ

**സരളാ പണിക്കർ** (0471) 2321299, 8547490299

മൂന്ന് മാസം നീണ്ടുനിന്ന ഒരു വലിയ യാത്രകഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ ദർശനം ഞങ്ങളെയും കാത്ത് വീട്ടിലിരിക്കുന്നു. ഡിസംബർ 14നും 15നും നടക്കാൻ പോകുന്ന വനയാത്രയെ കുറിച്ചറിഞ്ഞപ്പോൾ, കഴിഞ്ഞയാത്രയുടെ ക്ഷീണമെല്ലാം പമ്പകടന്നു.

എരുമേലിയിൽനിന്നും പമ്പവരെ നടക്കാനൊരവസരം ഇതിനുമുമ്പ് കിട്ടിയിട്ടില്ല ഇനിയും കിട്ടുമെന്ന് തീർച്ചയുമില്ല. ഡോക്ടർ രാധാകൃഷ്ണനെ ഫോണിൽ വിളിച്ച് ഞങ്ങൾ രണ്ടുപേരും കൂടെ യാത്രയിൽ കൂടുന്ന വിവരം പറഞ്ഞു.

യാത്രയിൽ കരുതേണ്ട സാധനങ്ങളെ കുറിച്ച് ലിസ്റ്റുണ്ടാക്കി. മരം കോച്ചുന്ന മഞ്ഞ് സ്വറ്റർ തീർച്ചയായും വേണം. രാവിലെ 4.30ന് യാത്രആരംഭിച്ചു. വഴിയിലുണ്ടായ അപ്രതീക്ഷിത തടസ്സങ്ങളാൽ ഞങ്ങൾ എരുമേലിയിലെത്തിയപ്പോൾ 11 മണി കഴിഞ്ഞു.എല്ലാവരും എത്തിക്കഴിഞ്ഞിരുന്നു. പരിചയമുള്ള മുഖങ്ങൾ കണ്ടപ്പോൾ സന്തോഷം. പരിചയമില്ലാത്ത മുഖങ്ങൾ കണ്ടപ്പോൾ പുതിയ സുഹൃത്തുക്കളെ കിട്ടിയല്ലോ എന്നും സന്തോഷം അയ്യപ്പ സേവാ സംഘം ഒരുക്കിയിരുന്ന കപ്പയും ചട്നിയും സ്വാദോടെ കഴിച്ച ശേഷം ഞങ്ങൾ കാളകെട്ടി എന്ന സ്ഥലത്തേക്ക് യാത്രതിരിച്ചു.

ശ്രീഅയ്യപ്പൻ പുലിപ്പാലിന് കാട്ടിൽ പോയപ്പോൾ പരമശിവനും ശ്രീപാർവ്വതിയും പുറകേപോയി എന്നും, ഈ സ്ഥലത്തെത്തിയപ്പോൾ ശിവൻ തന്റെ വാഹനമായ കാളയെ ഒരു ആഞ്ഞിലിമരത്തിൽ കെട്ടിഎന്നും അന്ന് മുതൽ ആ സ്ഥലത്തിന് കാളകെട്ടി എന്നു പേര് ലഭിച്ചു എന്നും ഐതീഹ്യം. ഒരു ആഞ്ഞിലി മരം ഇപ്പോഴും അവിടെ ഉണ്ട്. പണ്ടുണ്ടായിരുന്ന ആഞ്ഞിലിയിൽ നിന്നു കിളിച്ചുവന്ന പിൻതലമുറക്കാരനാണെന്ന് പറഞ്ഞ് കേട്ടു. ആ നാട്ടുകാരനും ഞങ്ങളുടെ വഴികാട്ടിയുമായ വൈശാഖ് ഞങ്ങളെ അവിടെവെച്ച് സ്വീകരിച്ചു. താൽപര്യമുള്ളവർ കാളകെട്ടിയിലെ ശിവക്ഷേത്രത്തിൽ ദർശനം നടത്തി യാത്രയിൽ ആർക്കും പ്രയാസമുണ്ടാകാതിരിക്കാൻ വേണ്ടി പ്രാർത്ഥിച്ചു. ചിലർ വെടിവഴിപാടുകൾ നേർന്നു. ദർശനം ഗ്രൂപ്പിനെ സ്വാഗതം ചെയ്യാന്നതിനായി മൈക്കിലൂടെ പ്രഖ്യാപനം കേട്ടു.

കുറുപ്പ് സാറിന്റെ സുഹൃത്ത് വലയത്തിന് ദൈർഘ്യം ഏറെയു ണ്ടല്ലോ.

കന്നിമലയിലെ തൂക്ക് പാലവും മുക്കുഴിക്ക് മുൻപുള്ള ചെക്ക്ഡാമും യാത്രയിലെ ആകർഷണങ്ങളായിരുന്നു. ഇരു ട്ടാകും മുമ്പ് മുക്കുഴിയിലെത്തി. അയ്യപ്പൻമാരും ശരണം വിളി കളും നിറഞ്ഞ അന്തരീക്ഷം. അവർക്ക് താമസത്തിനും മറ്റാവശ്യ ങ്ങൾക്കുമായുള്ള പന്തലുകൾ. വഴിയിൽ എന്തു സൗകര്യങ്ങൾ കാണും എന്ന ആശങ്ക യാത്ര തുടങ്ങുംമുമ്പേ ഉണ്ടായിരുന്നു. കിട്ടുന്ന എന്ത് സൗകര്യവും സ്വീകാര്യമായിരുന്നു. പ്രതീക്ഷിച്ച തിൽ കൂടുതൽ സൗകര്യങ്ങൾ കിട്ടയതിൽ അതിയായ സന്തോ ഷം, തൃപ്തി.

ക്ഷേത്രദർശനത്തിനുശേഷം വൈകിട്ട് 7മണിയോടെ സുഹൃത്ത് വലയമുണ്ടാക്കി പന്തലിൽ ഇരുന്നു. ബസുമ മാനു ഷികധ്വാനത്തിന് നേതൃത്വം കൊടുത്തു. പങ്കജാക്ഷൻ സാർ മുൻപൊരിക്കൽ എഴുതിയ ദർശനത്തിലെ ഒരുഭാഗം രാധാകൃ ഷ്ണൻ വായിച്ചു. പരിചയപ്പെടുത്തലും ചുരുങ്ങിയവാക്കുകളിൽ അവരവർ ചെയ്യുന്നകാര്യങ്ങളും പറഞ്ഞതിനുശേഷം എല്ലാവരും അത്താഴത്തിനിരുന്നു. ആ ദിവസം 13 കിലോമീറ്റർ നടന്നു. യാത്ര യിൽ മിക്കവാറും ഞങ്ങളുടെ ബാഗ് രാധാകൃഷ്ണന്റെ തോളിലാണ് വിശ്രമിച്ചതെന്ന് നന്ദിപൂർവ്വം ഓർക്കുകയാണ്.

രാത്രിയിൽ പല ഭാഷക്കാരുടെ ഒരേ ഈണത്തിലുള്ള ശരണം വിളികളും, പന്തലിൽ അന്തിയുറങ്ങിയവരുടെ പലഈ ണത്തിലുള്ള കൂർക്കം വലികളും കേട്ടുറങ്ങി. രാവിലെ ആറുമ ണിയോടെ കുളിച്ച് ധ്യാനവും യോഗയും കഴിഞ്ഞ് ഞങ്ങൾ യാത്ര തുടങ്ങി കൊല്ലം ശശീന്ദ്രൻ സാർ മുന്നോട്ടുവെച്ച ഒരു ആശയം പന്തലിലേക്കു വരുന്ന ചെളിക്കുണ്ട് വൃത്തിയാക്കുക എന്നത് എല്ലാവർക്കും സ്വീകാര്യമായിരുന്നു. എല്ലാവരും അവരവർക്ക് കഴിയുന്നത്ര കല്ലുകൾ ചെളിക്കുണ്ടിലിട്ട് തൃപ്തിപ്പെട്ടു. കല്ലിടാൻ കുന്നിൽ ഇടാൻ വേണ്ടി അഴുതയിൽ നിന്നും എടുത്ത കല്ലുകളും ആ ചെളിക്കുഴിയിലിട്ടു.

മുക്കുഴിയിൽ നിന്നുള്ള യാത്ര വനത്തിലൂടെ മാത്രമാ യിരുന്നു. ഈറയും മൂളയും മറ്റുപലതരം മരങ്ങളും നിറഞ്ഞ വനം, ഇടയ്ക്കിടയ്ക്ക് കാനനച്ചോലകൾ എവിടെയും പച്ചപ്പ്. പച്ച നിറത്തിന് ഇത്രയും സൂക്ഷ്മമായ വർണ്ണവ്യത്യാസങ്ങളുണ്ടോ?

നനുത്ത മൂടൽമഞ്ഞ് അലസമായി വാരി ചുറ്റിയിരിക്കുന്ന പോലുള്ള പ്രകൃതി എത്ര സുന്ദരിയായിരിക്കുന്നു. ആ സൗന്ദര്യത്തിന് മാറ്റ് കൂട്ടാൻ എന്ന മാതിരിയിലുള്ള ചെറുതണുപ്പുള്ള മന്ദമാരുതൻ. പ്രഭാതം. പൊട്ടിവിടരുന്നതേ ഉണ്ടായിരുന്നുള്ളൂ ഞങ്ങൾ യാത്രതുടങ്ങിയപ്പോൾ

ഈറയും വെള്ളവുമുണ്ടങ്കിൽ ആനയ്ക്കു മറ്റൊന്നും വേണ്ടത്രെ കൂട്ടത്തിലുള്ള ആരോ പറഞ്ഞു. അധികം ദൂരം നടക്കുമുമ്പ്തന്നെ പുതുതായി ഇട്ട ആനപിണ്ഡം കാണാൻതുടങ്ങി. പലരും പല ആനക്കഥകളും പറഞ്ഞു. എങ്കിലും ആനയുമായി മുഖാമുഖം അകപ്പെട്ടാൽ നമ്മൾ എന്തുചെയ്യണമെന്നുമാത്രം ആരും പറഞ്ഞുകേട്ടില്ല. നേരേ ഓടരുത് വളഞ്ഞുപുളഞ്ഞ് ഓടണം എന്നു പണ്ട് ആരോ പറഞ്ഞുകേട്ടതോർമ്മ വന്നു. മുമ്പിൽ ചെന്നുപെട്ടാൽ അപ്പോൾ തോന്നുന്നത് ചെയ്യണം ആനയ്ക്ക് തോന്നുന്നത് അതും ചെയ്തുകൊള്ളും ആരോ വിദഗ്ദ്ധാഭിപ്രായം പറഞ്ഞു. എന്റെ കണ്ണുകൾ ചുറ്റും പരതി നടന്നു. ഈറകളുടെ ഇടയിൽ മരക്കൂട്ടങ്ങളുടെ പിറകിൽ ആന നിൽപ്പുണ്ടോ?

ഇരുമുടിക്കെട്ടുമേന്തിയ അയ്യപ്പന്മാർ ഉറക്കെ ഉറക്കെ ശരണം വിളിച്ചും കൈയ്യിലുള്ള പാത്രത്തിലും ഗഞ്ചിറയിലും അടിച്ചുശബ്ദമുണ്ടാക്കികൊണ്ടും കടന്ന് പൊയ്ക്കൊണ്ടിരിക്കുന്നു. ചെരുപ്പിടാത്ത സ്വാമിമാർ എത്രയോ സ്പീഡിലാണ് നടക്കുന്നത്. സ്വാമി പാദം എന്ന് അവർ പറയുമ്പോൾ ഞങ്ങൾ വഴി കൊടുത്ത് കൊണ്ട് മുന്നോട്ട് നീങ്ങി.

കുറേ ദൂരം നടന്നിട്ട് ഞങ്ങൾ ഒരു പന്തലിൽ വിശ്രമിച്ചു കയ്യിൽ കരുതിയിരുന്ന നെല്ലിക്ക, അവൽ, കപ്പലണ്ടി, ഗ്രനോള എന്നിവ പങ്കിട്ടു കഴിച്ചു. എല്ലാത്തിനും എന്തൊരു സ്വാദ്. യാമങ്ങളെ കുറിച്ച് ബസുമയും ഒരു ശ്രേഷ്ഠഗ്രന്ഥം വായിക്കുമ്പോൾ അതിന്റെ ഉദ്ദേശ്യ സന്ദേശം എന്താണെന്ന് സന്ദേഹമില്ലാതെ മനസ്സിലാക്കാനുള്ള വഴിയെക്കുറിച്ച് നാനാപയും സംസാരിച്ചു. വയറിനും മനസ്സിനും വേണ്ടതു ലഭിച്ച തൃപ്തിയോടെ വീണ്ടും നടക്കാൻ തുടങ്ങി.

ഏഴുമടക്കുകളുള്ള കരിമല കയറ്റത്തിന്റെ കാഠിന്യം കൂടിയപ്പോൾ ശശീന്ദ്രനും, രാധാകൃഷ്ണനും ഉറക്കെ ഒന്നാം തൃപ്പ

ടിയെ ശരണമെന്റയ്യപ്പാ..... എന്ന ശരണമന്ത്രം വിളിച്ചു. ഞങ്ങൾ 23 സ്വാമിമാരും ഒരേ ഒരു മാളികപ്പുറമായ ഞാനും അത് ഏറ്റുവിളിച്ചു മലകയറ്റത്തിന്റെ കാഠിന്യം ലഘൂകരിക്കാൻ എത്ര നല്ല ഉപായം ഏഴാമത്തെ മടക്കെത്തിയപ്പോൾ കുത്തനെയുള്ള കയറ്റത്തിൽ മിക്കവരും ക്ഷീണിക്കുന്നത് കണ്ടപ്പോൾ രാധാകൃഷ്ണൻ പറഞ്ഞു. ഈ കയറ്റം കൂടി കഴിഞ്ഞാൽ പിന്നെ ഇറക്കമേയുള്ളൂ വലിയാനത്താവളവും ചെറിയാനത്താവളവും കഴിഞ്ഞാൽ പിന്നെ സമതലമായ പുൽമേടാണ്. അതും കൂടി കഴിയുമ്പോൾ പമ്പയിലെത്തും എന്തൊരു ആശ്വാസവാക്കുകൾ.

കാണുന്ന വള്ളികളിൽ ഊഞ്ഞാലാടാനും മരച്ചില്ലകളിലെ കുടിലിൽ കയറിഇരിക്കാനും കുട്ടിക്കളിവിട്ടിട്ടില്ലാത്ത ബസുമയ്ക്കും നാനാപയ്ക്കും എന്തൊരുത്സാഹം ഇവിടെ കുരങ്ങന്മാരെ ഒന്നും കാണുന്നില്ലല്ലൊ എന്ന ശശീന്ദ്രന്റെ അന്വേഷണത്തിന് കണ്ണാടി നോക്കിയാൽ മതിയല്ലോ എന്ന് ആരോ മറുപടി പറഞ്ഞു. കരിമലയുടെ ഏഴാം മടക്ക് കഴിഞ്ഞപ്പോൾ മരച്ചില്ലകളിൽ ഉന്നംപിഴക്കാതെ ചാടിരസിക്കുന്ന കുരങ്ങന്മാരെ കണ്ട് ശശീന്ദ്രനൊപ്പം ഞങ്ങളും സന്തോഷിച്ചു.

അറിവുകൾ പങ്കിട്ടുകൊണ്ടായിരുന്നു ഞങ്ങളുടെ യാത്ര. എല്ലാജീവജാലങ്ങൾക്കും വേണ്ടതൊക്കെ കാട് വെച്ച് വിളമ്പുന്നു. നാട്ടിലുള്ളവർക്കായി ഈ വനദേവത ശുദ്ധജലവും ശുദ്ധവായുവും എത്തിച്ചുകൊടുക്കുന്നു. എന്നിട്ടും ഈ വനങ്ങൾ നിലനിർത്തേണ്ടത് നമ്മുടെ നിലനിൽപ്പിന് ആവിശ്യമാണെന്ന് തിരിച്ചറിയാതെ മനുഷ്യൻ കാട് വെട്ടി വിനാശത്തിന്റെ വിത്ത് വിതയ്ക്കുന്നത് എത്ര കഷ്ടമാണ്.

കരിമലയിലെ ഇറക്കം തുടങ്ങിയപ്പോഴാണ് വനയാത്രയുടെ കാഠിന്യം മനസിലായത്. കയറുമ്പോൾ എങ്ങനെയും അള്ളിപ്പിടിച്ചോ നാലുകാലിലോ ഒക്കെ കയറാം ഇറക്കത്തിൽ ഇതൊന്നും സഹായമായില്ല. അയ്യപ്പന്മാർ നടന്നും, പായൽ വളർന്നുമുള്ള തെന്നലുള്ള തറയിൽ കൂടി ഇറങ്ങിയപ്പോൾ കൈയിൽ കരുതിയിരുന്നതും കയറ്റത്തിന് നന്നേ പ്രയോജനപ്പെട്ടതുമായ ഊന്ന് വടി പോലും ഭാരമായി തോന്നി. വീഴുമെന്ന് പേടിക്കാതെ ഓടിയിറങ്ങുകയാണ് വേണ്ടത്. എന്ന നാനാപയുടെ നിർദ്ദേശം കേട്ടില്ലെന്ന് നടിച്ചു. കരിമല കയറ്റം കഠിനമെന്റയ്യപ്പാ

എന്ന ശരണംവിളി കരിമല ഇറക്കം കഠിനമെന്റയ്യപ്പാ എന്നു തിരുത്തേണ്ടതാണെന്ന് തോന്നി.

ചെറിയാനവട്ടത്തിൽ ഒരു തണലിൽ ഇരുന്നപ്പോൾ എന്തൊരാശ്വാസം. അപ്പോഴാണ് കാലുപൊട്ടി ചോരയൊഴുകുന്നത് ശ്രദ്ധിച്ചത്. സരള ചേച്ചി ക്ഷീണിച്ചോ വരണ്ടായിരുന്നു എന്നു തോന്നുന്നോ ആരോ കുശലം അന്വേഷിച്ചു. രണ്ടാമതൊന്ന് ചിന്തിക്കേണ്ട ആവശ്യം പോലുമില്ലാതെ പറഞ്ഞു. ക്ഷീണമുണ്ടെങ്കിലും ഇതുപോലൊരു യാത്രയ്ക്ക് അവസരം കിട്ടിയാൽ ഇനിയും പോകാനാണാഗ്രഹം.

അല്പനേരത്തെ വിശ്രമത്തിന് ശേഷം യാത്ര തുടർന്നു. സ്വപ്നം കണ്ടിരുന്ന പമ്പയിലെത്തിയപ്പോൾ വൈകിട്ട് 5മണിയായി പമ്പയിൽ ധാരാളം വെള്ളം. അയ്യപ്പഭക്തന്മാർ കുളിക്കുന്നു. വെള്ളത്തിലും കരയ്ക്കും അടുത്തുള്ള മരങ്ങളിലും എല്ലാം അവരവരുടെ പാപം തീർക്കാനായി അയ്യപ്പഭക്തന്മാർ വലിച്ചെറിഞ്ഞ മുണ്ടുകൾ അവ പമ്പയ്ക്ക് ഭൂഷണമായി തോന്നിയില്ല. ശരീരശുദ്ധിവരുത്തി അയ്യപ്പസേവാസംഘം ഉണ്ടാക്കിവച്ചിരുന്ന ചുക്കുവെള്ളവും കുടിച്ച ശേഷം ക്ഷേത്രദർശനം നടത്തി. കറുപ്പും നീലയും അപൂർവ്വം കാവിയും നിറത്തിലുള്ള വസ്ത്രങ്ങൾ അണിഞ്ഞ അയ്യപ്പഭക്തന്മാരുടെ ഒരു ലോകം. മകരവിളക്കിലേക്കുള്ള തയാറെടുപ്പിന്റെ തിരക്കുകൾ എല്ലായിടത്തും.

പമ്പയിൽ നിന്ന് ഞങ്ങൾക്ക് തിരുവനന്തപുരത്തേക്ക് 6 മണിക്കുള്ള ബസ്സ്കിട്ടി 11 മണിയ്ക്ക് വീട്ടിലെത്തി കുളികഴിഞ്ഞ് പിറ്റേദിവസം മുഴുവൻ ഉറങ്ങും എന്ന് മനസ്സിൽ കുറിച്ചിട്ട് ഉറങ്ങി. എങ്കിലും രാവിലെ 5മണിയ്ക്ക് തനിയെ ഉണർന്നു. കുളികഴിഞ്ഞ് പതിവായി ചെയ്യാറുള്ള സൂര്യയോഗിന് പൊട്ടിചോരയൊലിച്ചതും നീരുവന്നതുമായ പാദങ്ങളുമായി കനകക്കുന്നിലേക്കുപോയി പോകും വഴി ഓർത്തു നമ്മൾ വേണമെന്ന് വിചാരിച്ചാൽ നടക്കാത്തതായി ഒന്നുമില്ല. മടികളഞ്ഞ് ഇച്ഛാശക്തിയോടെ ആവശ്യങ്ങൾക്കും പ്രതീക്ഷകൾക്കും കടിഞ്ഞാണിട്ട് നന്മനിറഞ്ഞ മനസ്സും പങ്കിടാനുള്ള സന്നദ്ധതയും ഉണ്ടായാൽ എല്ലാം നടക്കും. ഈശ്വരാനുഗ്രഹവും ആരോഗ്യവും അപ്പോൾ ഉണ്ടായിക്കൊള്ളും ഇത് തന്നെയല്ലേ പങ്കജാക്ഷൻ സാർ നമ്മെ പഠിപ്പിച്ചതും, പ്രാവർത്തികമാക്കാൻ പ്രേരിപ്പിച്ചതും.

# നിത്യശോഭ

"മാനവരാശിക്കും മനുഷ്യേതര ജീവജാലങ്ങൾക്കും മനസ്സിലാകുന്ന ഓരേയൊരു ഭാഷ സ്നേഹം മാത്രമാണ്. 40 വർഷമായി ജീവിതത്തിന്റെ എല്ലാ മേഖലകളിൽ പെട്ടവരുമായി ഞാൻ സംവിദിക്കുന്നു. ആറ് ഭൂഖണ്ഡങ്ങളിൽ സഞ്ചരിച്ചു. കോടിക്കണക്കിന് ആളുകളുടെ ഹൃദയം തൊട്ടറിഞ്ഞു. എല്ലാവരുമായി സംവദിക്കുന്നത് സ്നേഹത്തിന്റെ ഭാഷയിലാണ്. മതമോ, ജാതിയോ, രാജ്യമോ, വർഗ്ഗ-വർണ്ണ-ഭാഷാ വ്യത്യാസങ്ങളോ അതിന് തടസ്സമായിട്ടില്ല. സ്നേഹത്തന്റെ പരിവർത്തനശക്തിയിലും ഹൃദയങ്ങളെ ഒന്നിപ്പിക്കാനുള്ള ശക്തിയിലും ഞാൻ വിശ്വാസമർപ്പിക്കുന്നു"

**അമ്മ**

## പൊതുവിവരങ്ങൾ

### 1. ദർശനം സുഹൃത്ത് സംഗമം

തെരഞ്ഞെടുപ്പൊക്കെ കഴിഞ്ഞു. നാടുമുഴുവൻ മനുഷ്യരെ പലതട്ടുകളിലാക്കി ചാലുകീറി ഇട്ടിരിക്കുകയാണ്. മനുഷ്യനെ ഒന്നിപ്പിക്കുവാൻ ശ്രമിക്കേണ്ട രാഷ്ട്രീയവും മതവുമൊക്കെ പലപ്പോഴും ഭിന്നിപ്പിന്റെ പാതയിലൂടെയാണ് സഞ്ചരിക്കുന്നത്. അതിനിടയിൽ നാമെല്ലാം ഭൂമിക്കാരാണെന്ന് ഓർക്കാൻ മൈത്രി ഭാവനയ്ക്ക് ശക്തി പകരുവാൻ വല്ലപ്പോഴും ഒന്ന് ഒത്തുകൂടാം. മെയ് 18 ഞായറാഴ്ച മൂന്ന് മണിയോടെ നീർക്കുന്നത്ത് ധന്യയിൽ എത്തിചേരുവാൻ ശ്രമിക്കുക. നമുക്കൊരു മരത്തണലിൽ ഒന്നിച്ചിരിക്കാം. വേദിയോ മൈക്കോ ഒന്നുമില്ല. നമ്മളൊന്നാണെന്ന് ഓർക്കുവാൻ ഒന്നായാലേ നന്നാവൂ എന്നറിയാൻ. അതിനെതിരായി പഠിച്ചതൊക്കെ മറക്കുവാൻ മൈത്രി ഭാവന ശീലിക്കാം. സന്ധ്യയോടെ കടപ്പുറത്ത് പോയി മാനുഷിക ധ്യാനം നടത്താം. തിരിച്ച് ധന്യയിലെത്തി ഒന്നിച്ച് കഞ്ഞിയും കുടിച്ച് രാത്രി പിരിയാം. ഇതൊരു ചെറിയ വെടിക്കെട്ടാണ്. ദൂരെയുള്ളവർ വരണമെന്നില്ല. അവധിക്കാലമല്ലേ കഴിവതും കുട്ടികളുമായി വരുക.

**2. പ്രൊഫസർ എം.പി മന്മഥൻ സ്മാരക പുരസ്കാരം:** ഈ ലോകം ഇങ്ങനെയെങ്കിലും നിലനില്ക്കുന്നത് സത്യധർമ്മാദികൾ അനുഷ്ഠിച്ച് ജീവിച്ച മഹത്തുക്കൾ ഇവിടെ എക്കാലത്തുമുണ്ടാ

യിരുന്നതുകൊണ്ടാണ്. ഈ ശ്രേണിയിലെ അനശ്വരനായ മന്മഥൻ സർ അച്ഛന് ഗുരുതുല്യനായിരുന്നു. കഞ്ഞിപ്പാടത്ത് ദർശനം പരിപാടികൾക്ക് വന്നിട്ടുണ്ട്. സമ്പൂർണ്ണ മദ്യ നിരോധനത്തിനായി സമർപ്പിതമായിരുന്നു ആ ജീവിതം. കേരള മദ്യ നിരോധന സമിതി ഈ ദൗത്യം ഏറ്റെടുത്ത് പ്രവർത്തിച്ചു വരുന്നു. സമൂഹത്തിലെ ഈ വിപത്ത് നിയമത്തിലൂടെയും ബോധവത്കരണത്തിലൂടെയും സമ്പൂർണ്ണമായി നിരോധിക്കട്ടെ. മദ്യ നിരോധന പ്രചാരണ സമിതിയുടെ വാഹനജാഥ അമ്പലപ്പുഴയിൽ വന്നപ്പോൾ ദർശനം ഭവനവും സന്ദർശിച്ചു. പ്രൊഫസർ റ്റി.എം. രവീന്ദ്രൻ പ്രൊഫസർ ഒ.ജെ ചിന്നമ്മ ദമ്പതികളാണ് ഇതിന്റെ അമരക്കാർ. ഇവരുടെ പ്രവർത്തനം. തിരിച്ചറിഞ്ഞ ശ്രീ.എം.പി. മന്മഥൻ സാറിന്റെ പുത്രൻ ശ്രീ. എം.മനോഹരൻ തന്റെ അച്ഛന്റെ പേരിലുള്ള പ്രഥമ പുരസ്ക്കാരം ഈ അദ്ധ്യാപക ദമ്പതികൾക്ക് സമർപ്പിച്ചു. മന്മഥൻ സാറിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് മെയ് രണ്ടാം തീയതി തിരുവനന്തപുരത്ത് വൈ.എം.സി.എ ഹാളിൽ നടന്ന ചടങ്ങിൽ വി.എം സുധീരൻ ഈ പുരസ്കാരം സമർപ്പിച്ചു. എല്ലാവർക്കും ദർശനത്തിന്റെ അഭിനന്ദനങ്ങൾ.

## 3. പുതിയലോകം പുതിയവഴി

പഴവീട് നിന്നും നാരായണപിള്ളസാറിന്റെ മക്കളായ പി.എൻ.വേണുഗോപാലും പി.എൻ.വിജയകുമാറും വന്നിരുന്നു. ബാങ്ക് ഉദ്യോഗസ്ഥരായിരുന്ന അവർ അച്ഛന്റെ പുസ്തകങ്ങളൊക്കെ 'സായാഹ്ന' നെറ്റ് വർക്ക് എന്ന കൂട്ടായ്മയിലൂടെ ലോകത്തെവിടെയുള്ളവർക്കും വായിക്കുവാൻ സാഹചര്യമൊരുക്കുന്നു. (www.sayahna.org) പുസ്തകങ്ങൾ അവർക്ക് നൽകി. ദർശനത്തിന്റെ അഭിവാദനങ്ങൾ.

## 4. പുതുമന ഇല്ലം

ഒരു ദിവസം മൂടാമ്പാടി അമ്പലത്തിൽ തൊഴുതിട്ട് ശ്രീധരൻ തിരുമേനിയെ കാണാനായി ഇല്ലത്തേക്ക് കയറി. പൂമുഖത്ത് തന്നെ അദ്ദേഹമുണ്ടായിരുന്നു. നല്ല സുഖമില്ല. കണ്ടു തൊഴുതു. ദർശനത്തെ കുറിച്ച് ചോദിച്ചറിഞ്ഞു. തിരുമേനിയുടെ അച്ഛൻ ശ്രീ. ദാമോദരൻ നമ്പൂതിരിയുടെ കൃതികളുടെ സമാഹാരം ദർശനത്തിനായി നൽകി. അദ്ദേഹം സംസ്കൃത പണ്ഡിതനായിരുന്നു. കവിയും ആട്ടകഥാ രചയിതാവുമായ തിരുമേനി സംശുദ്ധമായ ഭരണം കാഴ്ച വെച്ചുകൊണ്ട് 16വർഷം അമ്പലപ്പുഴ പഞ്ചായത്ത് പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. എഴുന്നൂറോളം ക്ഷേത്രങ്ങളുടെ താന്ത്രികാധികാരസ്ഥാനമായ ഈ പുതുമനഇല്ലം ഒരിക്കൽ ദർശനത്തിന്റെ സ്നേഹവിരുന്നിനും വേദി ഒരുക്കി. ഫാദേർസും

മുസ്ലിയാക്കന്മാരും അന്ന് ഇവിടെ ഒന്നിച്ച് കൂടി നമ്മ ളൊന്നാണെന്ന സത്യം പഠിച്ചു. കുറുപ്പ്സാർ അത് പഠിപ്പിച്ചു. ഇല്ല ത്തെല്ലാവർക്കും സദ്യഒരുക്കിയിരുന്നു. മാതൃകാപരമായ ഒരു പരസ്പരാനന്ദ സംഗമം. എളിമയുടെ സ്വരൂപമായ ശ്രീധരൻതിരു മേനിയ്ക്ക് നമസ്ക്കാരം പറഞ്ഞ് തിരിച്ച് പോന്നു.

## 5. കെജരിവാൾ

സംശുദ്ധമായ ഒരു ഭരണം മുന്നോട്ട് കൊണ്ടുപോകുവാൻ നിർവാഹമില്ലാതെ ഡൽഹി മുഖ്യമന്ത്രി കെജരിവാൾ രാജിവെ ച്ചു. ഒരു പൊതു വേദിയിൽ, തങ്ങളുടെ അവകാശങ്ങൾ കെജരി വാൾ നിഷേധിച്ചു എന്ന തെറ്റിദ്ധാരണയിൽ ഒരു ഓട്ടോ ഡ്രൈവർ അദ്ദേഹത്തിന്റെ മുഖത്തടിച്ചു. തിരിച്ചടിച്ചോ കേസ് കൊടുത്തോ അല്ല അദ്ദേഹം പ്രതികരിച്ചത്. എന്നാൽ അദ്ദേഹം രാജ്ഘട്ടിൽ പോയി അല്പസമയം ധ്യാന നിരതനായി ഇരുന്നു. എന്നിട്ട് തല്ലിയ വ്യക്തിയുടെ വീട്ടിലേയ്ക്ക് പോയി കുശല പ്രശ്നം ചെയ്തു. അവനോട് പൊറുത്തു. അത് അവനിൽ പരിവർത്തനം വരുത്തി. കെജരിവാളിനോടവൻ മാപ്പ് പറഞ്ഞു. നമ്മുടെ ഇപ്പോഴത്തെ നേതാക്കന്മാരിൽ നിന്നും ഇത് പോലെ എന്തെങ്കിലും പഠിക്കാനോ അനുകരിക്കാനോ പുതിയ തലമുറയ്ക്ക് ലഭിക്കുന്നുണ്ടോ. പര സ്പരം പഴിചാരാനും ഭരണം നിലനിർത്താനുമാണ് പാർട്ടികളുടെ ശ്രമം. അതിനിടയിൽ നാൽപത് കോടി വരുന്ന പാവപ്പെട്ടവർ വസിക്കുന്ന ഭാരതത്തിന്റെ ക്ഷേമം ആരു നടത്തുവാനാണ്. അതാ രുടെയും മനസ്സിൽ പോലും ഇല്ല.

## 6. പ്രതിമാസ യോഗം

എല്ലാമാസവും ആദ്യ ഞായറാഴ്ചകളിൽ 5 മുതൽ 7 വരെ നീർക്കുന്നത്ത് ധ്യന്യയിൽ കൂടി സൂര്യാസ്തമനസമയമാകുമ്പോ ൾ കടപ്പുറത്തേക്ക് നടന്ന് മാനുഷികധ്യാനം നടത്തി പാഥേയവും കഴിച്ച് തിരിച്ച് പോരുന്നു. മുഖലേഖനം വായിച്ചുള്ള പഠനമാണ് യോഗത്തിൽ പ്രധാനമായും നടക്കുന്നത്. ഈ യോഗമാണ് ദർശ നത്തിന് ചുക്കാൻ പിടിക്കുന്നത്. കഴിയുന്നത്ര വേദികളിൽ ദർശനം സന്ദേശവും ലഘു ലേഖകളും എത്തിക്കാറുണ്ട്. പ്രതികരിക്കാത്ത വായനക്കാർ ഒന്നു മിണ്ടണമെന്ന് ദർശനത്തിലൂടെ പറഞ്ഞപ്പോൾ പല മുനിമാരും മിണ്ടി. മാസിക ഈ-മെയിലായി വേണ്ടവർ 9400018175 എന്ന നമ്പറിലേയ്ക്ക് ഈ-മെയിൽ ഐഡി അയച്ചുത ന്നാൽ കുടുംബാംഗമായ നാരായണൻ നായർ ദർശനം അയച്ചു തരും. പോസ്റ്റൽ താമസവും ചെലവും ഒഴിവാക്കാം. ദർശന ത്തിന്റെ ഇടവേളകൾ കൂടിയതിനാൽ പേജുകൾ ഇരട്ടിയാക്കിയി ട്ടുണ്ട്. എന്നിട്ടും കത്തുകൾ ചേർക്കാനാവാത്തതിൽ ഖേദിക്കുന്നു.

## 7. പശ്ചിമഘട്ട സംവാദയാത്ര

കർഷക ജനതയുടെ ആശങ്കൾ കേട്ടറിയാൻ ആദിവാസി ജീവിതത്തിന്റെ നേരുകൾ കണ്ടറിയാൻ കാടകത്തിന്റെ നന്മകൾ സംരക്ഷിക്കാൻ പശ്ചിമഘട്ട മലനിരകളിലൂടെയുള്ള ഒരു പദയാത്ര. ഏപ്രിൽ 12 മെയ് 31 വരെ. സ്ഥലം : ബേഡകം-വ്ളാവെട്ടി.

വിലാസം : യൂത്ത് ഡയലോഗ്, കൊക്കാല, തൃശൂർ-21,
ഫോൺ : 9746757423, 8547698740, 9447019546

## ദേഹവിയോഗങ്ങൾ

**ബിജു തടിശ്ശേരിൽ** (55) ദർശനം വായനക്കാരനും ബാലജനസഖ്യം, ദീപം, പ്രതീക്ഷാകലാ കായികസാംസ്കാരിക വേദി എന്നി സംഘടനകളുടെ സാരഥിയുമായിരുന്നു. പ്രമേഹത്തെ തുടർന്ന് ഹൃദ്രോഗവും കൂടി ബാധിച്ച് പെട്ടെന്ന് അന്ത്യം സംഭവിച്ചു. ദർശനത്തെ കുറിച്ച് പഠിക്കാൻ ബാലജനസംഖ്യം കൂട്ടുകാരുമായി ഇവിടെ വന്നിട്ടുണ്ട്. സംഘടനാഗംങ്ങളുമായി വീണ്ടും വരാൻ ഉദ്ദേശിച്ചിരിക്കവെയാണ് ദേഹവിയോഗം സംഭവിച്ചത്. സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കുന്നവർക്കാണ് മരണം. മറ്റുള്ളവരെ കൂടി പരിഗണിച്ച് അവർക്ക്വേണ്ടി കൂടി ജീവിക്കുന്നവരാരും മരിക്കുന്നില്ല. ബിജുവിനും കുടുംബാംഗങ്ങൾക്കും സഹപ്രവർത്തകർക്കും ദർശനം ബന്ധുക്കളുടെ പ്രണാമം.

**ശ്രീകുമാർ**

അമ്പലപ്പുഴയിൽ താമസം. ശ്രീ. ചന്ദ്രൻ പുറക്കാടിന്റെ അനുജൻ. ഗിരിജന്റെ ജേഷ്ഠൻ. ഈയിടെ അന്തരിച്ചു. 72 വയസ്സായിരുന്നു. സർവ്വ സമ്പൽസമൃദ്ധിയുടെയും നടുവിൽ ബന്ധുക്കളുടെ ഒരു ബറ്റാലിയൻ കൂടെ ഉണ്ടായിരിക്കെ ഭാര്യാ വിരഹത്തോടെ താനൊറ്റയായിപോയി എന്ന മിഥ്യാധാരണയിൽ മരണത്തെ സ്വയം വരിക്കുകയാണുണ്ടായത്. എത്ര കഴിവുള്ള മനുഷ്യനായിരുന്നു. സ്വന്തം അദ്ധ്വാനത്തിലൂടെ സത്യധർമ്മാദികളിൽ ഉറച്ച് നിന്ന് കർക്കശമായ നിഷ്ടയോടെ ജീവിത സൗധത്തിന്റെ ഓരോ ഇഷ്ടികയും പെറുക്കി അടുക്കിയാണ് ശ്രീകുമാർ വളർന്ന് വന്നത്. അങ്ങിനെ സ്വന്തമായി ഐസ് ഫാക്ടറിയും ബാങ്കിംഗ് സ്ഥാപനവും ചിന്നാ ജൂവലറിയുമൊക്കെ ഉയർന്നു വന്നു. അദ്ദേഹത്തിന്റെ ആത്മാർത്ഥതയ്ക്ക് പ്രകടനപരതകളില്ലായിരുന്നു. ഒറ്റയാനായി ജീവിച്ചു. ബന്ധുക്കളേയും ജീവനക്കാരെയും ആത്മാർത്ഥതയോടെ സംരക്ഷിച്ചു. അടുത്തിടെ കണ്ടപ്പോൾ ദർശനത്തിലെ ലേഖനങ്ങൾ നന്നായിരിക്കുന്നു എന്ന് പറഞ്ഞ് മടിശ്ശീലയ്ക്കും വകനല്കി. എവിടെയും നന്മമാത്രം കാണുക

എന്നതാണ് ദർശനത്തിന്റെ സ്വഭാവം എങ്കിലും എന്റെ ദൃഷ്ടി ദോഷംകൊണ്ട് ശ്രീകുമാറ്ചേട്ടന്റെ മാനസികാവസ്ഥ തിരിച്ചറി യാത്ത ഞാൻ ഒരു തെറ്റുകാണുകയാണ്. ഈ ബാഹ്യ സമ്പാദ്യ ങ്ങൾക്കപ്പുറമുള്ള ഈ സ്വർണ്ണ കടയിലും വലിയ സ്വർണ്ണമായ തന്റെ ആത്മീയ സമ്പാദ്യം ഒരു പക്ഷേ അദ്ദേഹത്തിന് ബോധി ച്ചിരിക്കുകയില്ല.

അടുത്ത തലമുറയ്ക്ക് നാം മാതൃകയാവേണ്ടവരാണ്. എരിഞ്ഞടങ്ങും വരെ പ്രകാശം പരത്തികൊണ്ടല്ലേ സൂര്യദേവൻ അസ്തമിക്കുന്നത്. ഉദയമില്ലാതെ അസ്തമനമുണ്ടോ. പ്രകൃതി ആനന്ദത്തിന്റെ അതിരറ്റ ഘനി നമ്മുടെ മുന്നിൽ തുറന്നുവെച്ചി ട്ടും പ്രപഞ്ച രഹസ്യമറിയാതെ നാം പലപ്പോഴും ദു:ഖത്തിനടിമ പ്പെട്ടുപോകുന്നു. അധികമാരും അറിയാത്ത ഒരു കവിഹൃദയ ത്തിനുടമയായ ശ്രീകുമാർചേട്ടന്റെ മാനസികാവസ്ഥ ദു:ഖം എന്ന ആകാശവാണി പ്രക്ഷേപണം ചെയ്ത ഈ കവിതയിലൂടെ നമുക്ക് മനസ്സിലാക്കാം.

## ദു:ഖം

വിമലേ എൻ ദു:ഖങ്ങളാരറിയാൻ
ആരുണ്ടിതൊന്നു പങ്കു വെയ്ക്കാൻ
നീ ചെയ്ത ജോലികളെല്ലാമിന്നും
ഞാൻ മാത്രമൊറ്റയ്ക്കു തീർത്തീടുന്നു

നിൻ ജോലി തീർത്തു നീ പോയതെങ്ങോ
എൻ കർമ്മ യാത്രയിതെന്നു തീരും
തീരുമൊരു നാളിലെന്നു ചൊല്ലാൻ
ആരുണ്ടിതൊക്കെയും പങ്കുവെയ്ക്കാൻ

തളർന്നിവനല്പമുറങ്ങി വീണാൽ
പിന്നെയും നാലിന്നുണർന്നീടും ഞാൻ
നിൻ കർമ്മ മാർഗ്ഗമോർക്കവെയിന്നും
ഞാനെന്നുമൊക്കെയും ചെയ്തിടുന്നു

സ്വർഗ്ഗത്തിൽ നിന്നും നിത്യമെന്നെ നോക്കുന്നോളേ
സ്വപ്നത്തിലും ഞാനെന്നും കാണും നിന്നെ
നീ പോയ വഴികളിൽ ആ നേരം നോക്കി
എന്നെയും നീ വിളിച്ചീടും നിശ്ചയം

വയ്യ നിൽക്കാൻ നടക്കാൻ എങ്ങും പോകാൻ
തളരുന്നു മാനസം ചിന്തകളെത്തവെ
മരണാനന്തരവും ദു:ഖമുണ്ടിവിടെ
എൻ നിൻ ചിന്തയ്ക്കു മങ്ങലേറ്റാൽ

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

**മടിശ്ശീല**

അനിത, പുളിവീട്-100, രാജേഷ്, പി.റ്റി.എ പ്രസിഡന്റ് നീർക്കുന്നം-200, നൗഷാദ്, ഇടപ്പള്ളിത്തറ-100, അമ്മിണിച്ചേച്ചി, പാലത്തിട്ട- 100, ദയാനന്ദൻ, കളത്തിൽ-100, മോഹനൻ, കാവുംപുറം-300, ശശികുമാർ, ശ്രീശൈലം-300, ഗോപി, ആനയടി-200, തോമസുകുട്ടി, അറയ്ക്കപ്പറമ്പ്-100, അക്ബർ, ദാറുസ്സലാം-500, അജിത്കൃഷ്ണൻ, കണ്ണൂർ-200, താര, കോലപ്പള്ളി-300, ഡോ.പത്മകുമാർ, നീർക്കുന്നം -500, സതീഷ് ചന്ദ്രൻ, കൃഷ്ണതുളസി-500, പ്രദീപ്, ഇല്ലത്തുംചിറ -500, മണിയമ്മ, കൃഷ്ണവിലാസം-100, സുരേഷ്കുമാർ, കുറുന്താലമഠം-100. എല്ലാവർക്കും പ്രണാമം.

---

**സ്വാഗതം** : മെയ് 18ന് ധന്യയിൽ നടക്കുന്ന സുഹൃത് സംഗമത്തിൽ പങ്കെടുക്കുന്നവർ അറിയിക്കുക. ഒന്നിച്ചുകൂടി മൈത്രീവിചാരം ശീലിക്കാം.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306